മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

MY LORD AND MY GOD

Vol. 08 No. 45 | THE ONLINE OFFICIAL NEWS BULLETIN | 2025 November 06

SEASON OF THE ANNUNCIATION ❦ **അറിയിപ്പുകാലം** ❦ ܥܕܢܐ ܕܣܘܒܪܐ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
9	10	11	12	13	14	15
♪ 2	♪ 6	♪ 2	♪ 6	♪ 2	♪ 6	♪ 2
Hudoth Idto, (Dedication of the Church)	213th Comme. of Veda Ratnam Kayamkulam Philipose Ramban (Adoor Kannamkode Cathedral)			Comme. of St. John Chrysostom (Golden-mouthed)	✝ Comme. of Apostle St. Philip	Comme. of Mar Kauma



പരുമല പെരുന്നാളിൽ വിശ്വാസികൾക്ക് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ വാഴ്വ് നൽകുന്നു. യാക്കോബ് മാർ ഏലിയാസ്, ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ്, മാത്യൂസ് മാർ തേവോദോസിയോസ്, എത്യോപ്യൻ ആർച്ച് ബിഷപ് ആബൂനെ മൽക്കിസദേക്ക്, ഏബ്രഹാം മാർ സ്തേഫാനോസ്, ഡോ.ഗബ്രിയേൽ മാർ ഗ്രിഗോറിയോസ്, ഡോ.യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, ഡോ. ഗീവർഗീസ് മാർ ബർന്നബാസ്, സഖറിയാ മാർ സേവേറിയോസ് എന്നീ മെത്രാപ്പോലീത്തമാർ സമീപം.

വർഗീയ സംഘർഷങ്ങളും കലാപങ്ങളും ലോകസമാധാനത്തിന് ഭീഷണി: പ. കാതോലിക്കാ ബാവാ

കോട്ടയം: എത്യോപ്യയിലും, നൈജീരിയയിലും, സുഡാനിലും നടക്കുന്ന വർഗീയ സംഘർഷങ്ങൾ ലോകസമാധാനത്തിന് ഭീഷണിയാണെന്ന് പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ. എത്യോപ്യയിൽ ഓർത്തഡോക്സ് തെവാഹെദോ വിശ്വാസികളായ നിരവധി പേർ ഇതിനോടകം കൊല്ലപ്പെട്ടു. നൈജീരിയയിലും, സുഡാനിലും നടക്കുന്ന സംഘർഷങ്ങളിലും മനുഷ്യർ പിടഞ്ഞുവീഴുകയാണ്. ആരാധനാലയങ്ങൾ തകർക്കപ്പെടുന്നു. മതത്തിന്റെ പേരിലുള്ള കലാപങ്ങൾ മനുഷ്യകുലത്തിന് ചേർന്നതല്ലെന്ന് പരിശുദ്ധ കാതോലിക്കാ ബാവാ പ്രതികരിച്ചു.

ഗാസയിലും, യുക്രൈനിലും, റഷ്യയിലുമടക്കം അശാന്തിയുടെ കാർമേഘം വ്യാപിക്കുന്നത് വേദനാജനകമാണ്. സംഘർഷങ്ങളിൽ കൊല്ലപ്പെടുന്ന മനുഷ്യരുടെയെല്ലാം രക്തത്തിന് ഒരേ നിറമാണെന്ന സത്യം ഏവരും ഉൾക്കൊള്ളണം. യുദ്ധങ്ങളിൽ വിജയിക്കുന്നത് ആയുധവ്യാപാരികൾ മാത്രമാണ്. പരാജയപ്പെടുന്നതാകട്ടെ ചെറുബാല്യങ്ങളും സാധാരണജനങ്ങളും. സമാധാനത്തിനായി ലോകനേതാക്കൾ ഒരുമിക്കണം. മതനേതാക്കൾ ഐക്യത്തിന് ആഹ്വാനം ചെയ്യണം.അല്ലാത്തപക്ഷം അനാഥരായി ജനിച്ചുവീഴുന്ന കുരുന്നുകളുടെ കണ്ണുനീർ തുള്ളികൾ ഈ ലോകത്തെ പൊള്ളിക്കുമെന്നും പ. ബാവാ കൂട്ടിച്ചേർത്തു.



പരിശുദ്ധ പരുമലതിരുമേനിയുടെ 123-മത് ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് നടന്ന തീർഥാടന വാരാഘോഷ പൊതുസമ്മേളനം പ. കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്യുന്നു.



റോഹ ഗ്രിഗോറിയൻ കമ്മ്യൂണിറ്റിയിൽ നടന്ന മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് വിദ്യാർത്ഥിപ്രസ്ഥാനം വാർഷിക കോൺഫ്രൻസിൽ പ. കാതോലിക്കാ ബാവാ സംസാരിക്കുന്നു.



കോട്ടയം മെത്രാസന ശതോത്തര സുവർണ്ണജൂബിലിയോടനുബന്ധിച്ച് കോട്ടയം മെത്രാസന പ്രഥമ ഇടയൻ കടവിൽ പൗലൂസ് മാർ അത്താനാസിയോസ് തിരുമേനി കബറടങ്ങിയ ആലുവാ തൃക്കുന്നത്ത് സെമിനാരിയിൽ ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് വിശുദ്ധ കുർബ്ബാന അർപ്പിച്ച് കബറിങ്കൽ ധൂപപ്രാർത്ഥന നടത്തി. യൂഹാനോൻ മാർ പോളിക്കാർപ്പോസ് മെത്രാപ്പോലീത്തായും കോട്ടയം അങ്കമാലി മെത്രാസനങ്ങളിലെ വൈദികരും വിശ്വാസികളും സംബന്ധിച്ചു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH
MY LORD AND MY GOD



പരിശുദ്ധ പരുമല തിരുമേനിയുടെ മാതൃദേവാലയമായ മുളന്തുരുത്തി മാർത്തോമൻ പള്ളിയിൽ വിശുദ്ധന്റെ ഓർമ്മപെരുന്നാൾ ശുശ്രൂഷകൾക്ക് പ. ബസ്സേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ പ്രധാന കാർമ്മികത്വം വഹിച്ചു.



മലബാർ ഭദ്രാസനത്തിൽ നിന്നും ഗീവർഗീസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ മുന്നൂറിലധികം കിലോമീറ്ററുകൾ പിന്നിട്ടു പരുമലയിൽ എത്തിച്ചേർന്ന പദയാത്രാസംഘത്തെ വൈദിക ട്രസ്റ്റി ഫാ. ഡോ തോമസ് വർഗീസ് അമയിൽ, അസോസിയേഷൻ സെക്രട്ടറി അഡ്വ, ബിജു ഉമ്മൻ, പരുമല സെമിനാരി മാനേജർ ഫാ. എൽദോസ് ഏലിയാസ്, പരുമല സെമിനാരി കൗൺസിൽ അംഗങ്ങൾ എന്നിവരുടെ നേതൃത്വത്തിൽ സ്വീകരിച്ചു.



അഹമ്മദാബാദ് ഭദ്രാസനത്തിലെ ജ്യോതിസ് ആശ്രമം പ്രസിദ്ധീകരിക്കുന്ന സഭയുടെ 2025-26 വർഷത്തെ ആരാധനവർഷ കലണ്ടറിന്റെ പ്രകാശനം ഇടുക്കി ഭദ്രാസന മെത്രാപ്പോലീത്താ സഖറിയ മാർ സേവേറിയോസ് നിർവ്വഹിക്കുന്നു.



1700th Year Celebration of the First Council of Nicaea (Nicaea 325 AD). A blessed and historic event organized by OCYM Toronto at St. Gregorios Orthodox Church of Toronto, Canada — celebrating 1700 years of faith, unity, and legacy.



എത്യോപ്യൻ ഓർത്തഡോക്സ് സഭയുടെ ആർച്ച് ബിഷപ്പ് ആബൂനെ മൽക്കിസദേക്ക് പ. കാതോലിക്കാ ബാവായുമായി കൂടിക്കാഴ്ച്ച നടത്തി. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് എന്നിവരും ഒപ്പമുണ്ടായിരുന്നു. പരിശുദ്ധ പിതാക്കൻമാരുടെ കബറിടങ്ങളിലും, അരമന ചാപ്പലിലും ആബൂനെ മൽക്കിസദേക്ക് പ്രാർത്ഥന നടത്തി. ദേവലോകം അരമന മാനേജർ ഫാ.യാക്കോബ് റമ്പാൻ, പഴയസെമിനാരി മാനേജർ ഫാ.ജോബിൻ വർഗീസ്, നാഗ്പൂർ വൈദിക സെമിനാരി പ്രിൻസിപ്പൽ ഫാ. ജോസി ജേക്കബ് എന്നിവർ ചേർന്ന് എത്യോപ്യൻ ആർച്ച് ബിഷപ്പിനെ സ്വീകരിച്ചു.



ആലുവ തൃക്കുന്നത്ത് സെമിനാരിയിൽ പിതാക്കന്മാരുടെ സംയുക്ത ഓർമ പെരുന്നാളിന് കൊടിയേറി. ഭദ്രാസന മെത്രാപ്പോലീത്ത യൂഹാനോൻ മാർ പൊളിക്കാർപോസ് കൊടിയേറ്റ് കർമ്മം നടത്തി.



കൽക്കട്ടാ ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്താ ഡോ. സ്തേഫാനോസ് മാർ തേവോദോസ്യോസിന്റെ 18ാം ഓർമ്മപ്പെരുന്നാൾ ഭിലായ് സെന്റ് തോമസ് ആശ്രമ ചാപ്പലിൽ ആചരിച്ചു.


◆ ഈശ്വര പ്രാർത്ഥന ഈ ലോകത്തെ പല വിധത്തിലും ദൈവത്തിന്റെ പാദാരാവിന്ദങ്ങളോടു ചേർക്കുന്ന പൊന്നിൻ ചങ്ങലയത്രെ.

◆ ഹൃദയം നിറഞ്ഞ ഭക്തിയോടെ ചെയ്യുന്ന പ്രാർത്ഥന ദൈവം കൈക്കൊൾകയും ഒരു അനുഗ്രഹരൂപമായി അതു നമുക്കു തിരികെ ലഭിക്കുകയും ചെയ്യും.

– പ. പരുമല തിരുമേനി

ചരിത്രരേഖകൾ

പ. ഗീവർഗീസ് രണ്ടാമൻ ബാവായുടെ ഡയറിക്കുറിപ്പുകൾ (1956)



1956 ഒക്ടോബർ

1 തിങ്കൾ. വിശേഷങ്ങൾ ഒന്നുമില്ല. നാം ഇവിടെ സുഖമായി താമസിച്ചു. മാനേജർ കത്തനാർ വന്നിരുന്നു. അബ്രഹാം കത്തനാർ ഇവിടെ വരികയും താമസിക്കുകയും ചെയ്തു. ഫീലിപ്പോസ് കത്തനാർ വരികയും ആഫീസ് കാര്യങ്ങൾ നോക്കുകയും ചെയ്തു.

2 ചൊവ്വ. വിശേഷങ്ങൾ ഒന്നുമില്ല. അബ്രഹാം കത്തനാർ മൂലവട്ടം പള്ളിയിൽ കുർബ്ബാന ചൊല്ലുന്നതിനായി പോയി. ഉച്ചകഴിഞ്ഞ് ഈവാനിയോസ് മെത്രാച്ചൻ വരികയും വർത്തമാനങ്ങൾ പറഞ്ഞു തിരിച്ചുപോകുകയും ചെയ്തു. നിരണത്തു നിന്നും കുറ്റിക്കാട്ടിൽ കൊച്ചു കത്തനാർ വരികയും മാന്നാർ പള്ളി കാര്യങ്ങൾ പറയുകയും ചെയ്തു. ഉമ്മൻ ശെമ്മാശൻ വന്നു.

3 ബുധൻ. സുഖമായിരുന്നു. ഇന്നു മുഴുവൻ അതിവർഷമായിരുന്നു. മാനേജർ കത്തനാരും ഫീലിപ്പോസ് കത്തനാരും വന്നിരുന്നു. പയ്യമ്പള്ളിൽ ദാവീദ് കത്തനാർ വരികയും ഇവിടെ താമസിക്കുകയും ചെയ്തു. അബ്രഹാം കത്തനാർ വന്നു താമസിച്ചു.

4 വ്യാഴം. അബ്രഹാം കത്തനാർ മൂലവട്ടത്തിനു പോയി. പയ്യമ്പള്ളിൽ ദാവീദ് കത്തനാർ ഇവിടെയുണ്ടായിരുന്നു. 10 മണിക്ക് ഈവാനിയോസ് മെത്രാച്ചനും അത്താനാസ്യോസ് മെത്രാച്ചനും പീലക്സിനോസ് മെത്രാച്ചനും വന്ന് കൗൺസിൽ കൂടുകയുണ്ടായി. മാനേജരച്ചനും ഫീലിപ്പോസ് കത്തനാരും വന്നു. ഉച്ചകഴിഞ്ഞ് കോട്ടയത്ത് പ്രധാനികളെയും വരുത്തി എല്ലാവരും കൂടി എത്യോപ്യൻ ചക്രവർത്തിയുടെ ഇന്ത്യാ സന്ദർശനത്തെയും പ്രത്യേകാൽ ഇവിടെ വന്നു നമ്മെ കാണുന്ന കാര്യത്തിൽ അദ്ദേഹത്തിനു കൊടുക്കുന്ന സ്വീകരണവും സമ്മാനങ്ങളും ഏതുവിധത്തിൽ ആയിരിക്കണമെന്ന് ആലോചിച്ചശേഷം 6 മണിക്ക് എല്ലാവരും മടങ്ങിപ്പോയി. ആലുവായിൽ നിന്ന് പോൾ വർഗീസ് വരികയും ചക്രവർത്തിയെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ പറയുകയും ഇവിടെ രാത്രി പാർക്കുകയും ചെയ്തു. വളരെ സുഖമായി നാം ഇവിടെ താമസിച്ചു.

5 വെള്ളി. കാലത്ത് പോൾ വർഗീസും പയ്യമ്പള്ളിൽ ദാവീദ് കത്തനാരും മടങ്ങിപ്പോയി. പരുമല നിന്നും കാരിക്കോട്ട് മാത്യൂസ് കത്തനാർ വന്നിരുന്നു. നാലു മണിക്ക് മാങ്ങാനത്തു നിന്നും തേവോദോസ്യോസ് മെത്രാച്ചൻ വരികയും അടുത്ത ദിവസം ബഥനി ആശ്രമസ്ഥരായ രണ്ടു കത്തനാർമാർക്ക് സന്യാസസ്ഥാനം കൊടുക്കുന്നതിന് അനുവാദവും വാങ്ങി, മറ്റ് വിശേഷങ്ങൾ പറഞ്ഞ് മടങ്ങിപ്പോയി. ഇംഗ്ലണ്ടിൽ നിന്നും ഉപരിപഠനം കഴിഞ്ഞ് ബേസിൽ ദയറായിലെ അംഗമായ ഉമ്മൻ ശെമ്മാശൻ വരികയും പാശ്ചാത്യ പര്യടനം സംബന്ധിച്ച വിവരങ്ങൾ പറഞ്ഞ് ഇവിടെ രാത്രി താമസിക്കുകയും ചെയ്തു.

6 ശനി. നാം ഇവിടെ സുഖമായി താമസിച്ചു. ഉമ്മൻ ശെമ്മാശൻ പത്തനംതിട്ടയ്ക്കു പോയി. ഫീലിപ്പോസ് കത്തനാർ വന്നിരുന്നു. മാനേജർ കത്തനാരും സമുദായ പ്രമാണികളിൽ ചിലരും ഇവിടെ വന്ന് ചക്രവർത്തിയുടെ വരവിനെക്കുറിച്ച് ആലോചിച്ചു മടങ്ങിപ്പോയി. പരുമല നിന്നും മാത്യൂസ് കത്തനാർ വന്നിരുന്നു. മേൽപ്പാടത്തുകാരൻ മത്തായി കത്തനാരും ബഥനി ആശ്രമത്തിലെ പുതുതായി സന്യാസിസ്ഥാനമേറ്റ തോമസ് കത്തനാരും വന്നു. മറ്റ് വിശേഷങ്ങൾ ഒന്നുമില്ല.

7 ഞായർ. ബഥനി ആശ്രമത്തിലെ സന്യാസി തോമാ കത്തനാർ കുർബ്ബാന ചൊല്ലുകയും പ്രസംഗിക്കുകയും ചെയ്തു. നാം നമസ്കാരത്തിലും കുർബ്ബാനയിലും മറ്റും സംബന്ധിച്ച് പ്രധാന കാര്യങ്ങൾ നടത്തുകയുണ്ടായി. കുർബ്ബാന കഴിഞ്ഞ് തോമസ് കത്തനാർ മാങ്ങാനത്തേക്കു പോയി. ചക്രവർത്തിയുടെ വരവിന്റെ കാര്യങ്ങൾ അറിയുന്നതിനായി ഡോ. കെ. എം. സൈമൺ ശെമ്മാശൻ വന്നു വിശേഷങ്ങൾ അറിഞ്ഞു പോയി. സുഖമായിരുന്നു. മറ്റു വിശേഷങ്ങൾ ഒന്നുമില്ല.

8 തിങ്കൾ. മേൽപ്പാടത്തു മത്തായി കത്തനാർ ഇവിടെ താമസിക്കുന്നുണ്ടായിരുന്നു. മാനേജർ കത്തനാരും മല്പാൻ യോഹന്നാൻ കത്തനാരും വന്നിരുന്നു. നമ്മുടെ സെക്രട്ടറിയായിരുന്ന ഉമ്മൻ ശെമ്മാശൻ കല്യാണം കഴിക്കുന്നതിന് നമ്മുടെ സമ്മാനമായി ഒരു പവൻ കൊടുത്തു. കുറിച്ചിയിൽ നിന്നും ചാക്കോച്ചനും മറ്റും വന്നിരുന്നു.

9 ചൊവ്വ. വിശേഷങ്ങൾ ഒന്നുമില്ല. മണലിൽ കത്തനാരും മാനേജർ കത്തനാരും വന്നിരുന്നു. മേൽപ്പാടത്തു മത്തായി കത്തനാർ വീട്ടിൽ പോയി. ഫീലിപ്പോസ് കത്തനാർ വന്നിരുന്നു.

10 ബുധൻ. സുഖമായിരുന്നു. ഫീലിപ്പോസ് കത്തനാർ, മാനേജർ കത്തനാർ, മണലിൽ യാക്കോബ് കത്തനാർ എന്നിവർ വന്നിരുന്നു. ഡോ. കെ. എം. സൈമൺ ശെമ്മാശൻ വരികയും അബിസീനിയൻ ചക്രവർത്തിയുടെ പ്രോഗ്രാം അറിഞ്ഞു പോകുകയും ചെയ്തു. സന്ധ്യ കഴിഞ്ഞ് മൂലവട്ടത്തു നിന്നും അബ്രഹാം കത്തനാർ വരികയും ഇവിടെ താമസിക്കുകയും ചെയ്തു.

11 വ്യാഴം. അമ്മ മരിച്ചതിന്റെ ഓർമ്മ പ്രമാണിച്ച് അരമനയിൽ നാം നമസ്കാരത്തോടു ചേർന്നു കുർബ്ബാന ചൊല്ലി. എട്ടു മണിക്ക് കുർബ്ബാന കഴിഞ്ഞ് ധൂപം വച്ചശേഷം കാപ്പിമേശയും കഴിഞ്ഞ് ഇവിടെ വിശ്രമിച്ചു. ഉച്ചകഴിഞ്ഞ് പഴയസെമിനാരിയിലേക്കു പോകുന്ന വഴി എം.ഡി. സെമിനാരിയിൽ കയറി അത്താനാസ്യോസ് മെത്രാച്ചനുമായി സംസാരിച്ചു. ശെമ്മാശന്മാർ എല്ലാവരും വന്നു കണ്ടു. മൂന്നു മണിക്ക് അവിടെ നിന്നും പഴയസെമിനാരിയിൽ ചെന്ന്

ദീവന്നാസ്യോസ് മെത്രാച്ചനുമായി സംസാരിച്ച് അഞ്ചു മണിക്ക് തിരിച്ച് അരമനയിലേക്കു പോരുകയും ചെയ്തു. ഫീലിപ്പോസ് കത്തനാർ വന്നിരുന്നു. അബ്രഹാം കത്തനാർ വന്നു താമസിച്ചു. തലവടിക്കാരൻ ജോൺ കത്തനാർ വന്നിരുന്നു.

12 വെള്ളി. വിശേഷങ്ങൾ ഒന്നുമില്ല. മാനേജർ കത്തനാർ, മണലിൽ യാക്കോബ് കത്തനാർ, ഫീലിപ്പോസ് കത്തനാർ എന്നിവർ വന്നിരുന്നു. ജോൺ കത്തനാരും അബ്രഹാം കത്തനാരും പോയി. പത്തനാപുരം ദയറായിൽ നിന്ന് ഐസക്ക് കത്തനാരും സെമിനാരിയിൽ നിന്ന് മല്പാൻ യോഹന്നാൻ കത്തനാരും വന്നു. അകമ്പള്ളിൽ നിന്നും അച്ചാമ്മയ്ക്ക് സുഖക്കേട് കൂടുതലാണെന്നു കമ്പി കിട്ടുകയുണ്ടായി.

13 ശനി. കാലത്ത് 8 മണിക്ക് അകമ്പള്ളിലെ അച്ചാമ്മ മരിച്ചുപോയി എന്ന അറിവ് കിട്ടി. നമുക്കു പോകാൻ സാധിക്കയില്ലെന്ന് അറിയിച്ചു. ഉച്ചനമസ്കാരത്തോടു കൂടി അച്ചാമ്മയ്ക്കു വേണ്ടി പ്രത്യേക പ്രാർത്ഥനകൾ നടത്തുകയുണ്ടായി. മേല്പാടത്തുകാരൻ മത്തായി കത്തനാർ വന്നു താമസിച്ചു.

14 ഞായർ. മത്തായി കത്തനാർ ഇവിടെ കുർബ്ബാന ചൊല്ലി. കുർബ്ബാന കഴിഞ്ഞ് അല്പനേരം നാം പ്രസംഗിച്ചു. ഉച്ചകഴിഞ്ഞ് 4 മണിക്ക് എത്യോപ്യൻ ചക്രവർത്തിയുടെ വരവ് സംബന്ധിച്ച് കോട്ടയത്തെ പ്രധാനികളുമായി ആലോചിക്കുന്നതിന് എം. ഡി. സെമിനാരിയിൽ പോയി. ഈവാനിയോസ് മെത്രാച്ചനും അത്താനാസ്യോസ് മെത്രാച്ചനും അവിടെയുണ്ടായിരുന്നു. 5 മണിക്കു എം.ഡി. സെമിനാരിയിൽ നിന്നും അരമനയിലേക്ക് പോരുകയും ഇവിടെ വന്ന് കുളിക്കുകയും നമസ്കാരം നടത്തുകയും ചെയ്തു. മാനേജർ കത്തനാർ വന്നു രാത്രി ഇവിടെ താമസിച്ചു.

15 തിങ്കൾ. അകമ്പള്ളിലെ പെങ്ങൾ മരിച്ചു മൂന്നാം ദിവസം ആയതിനാൽ നമ്മുടെ പ്രധാന കാർമ്മികത്വത്തിൽ മാനേജർ കത്തനാരും മേല്പാടത്തു മത്തായി കത്തനാരും കൂടി മൂന്നിന്മേൽ കുർബ്ബാന ചൊല്ലുകയുണ്ടായി. ഫീലിപ്പോസ് കത്തനാരും മൂലവട്ടത്തു നിന്നും അബ്രഹാം കത്തനാരും വന്നിരുന്നു. കല്യാണം പ്രമാണിച്ച് ഉമ്മൻ ശെമ്മാശൻ വീട്ടിൽ പോയി.

16 ചൊവ്വ. ഇന്ന് ഫീലിപ്പോസച്ചൻ വന്ന് ഓഫീസ് കാര്യങ്ങൾ അന്വേഷിച്ചു. അഞ്ചു മണിയോടു കൂടി ചൈനായിലെ പ്രതിനിധികൾ ഇവിടെ വന്ന് നമ്മെ സന്ദർശിച്ചു. ചൈനാക്കാരായ മൂന്നു പേരും, ബാംഗ്ലൂരിൽ താമസിക്കുന്ന അമേരിക്കക്കാരൻ ഒരു ഡോക്ടറും, ഫീലിപ്പോസ് കത്തനാരും അവരോടു കൂടി ഉണ്ടായിരുന്നു. അവർ മൂവരും ക്രിസ്ത്യാനികളായിരുന്നു. ക്രിസ്തുമതത്തെപ്പറ്റിയും അവരുടെ നാടിനെപ്പറ്റിയും മറ്റും അവരുമായി അര മണിക്കൂർ സംഭാഷണം നടത്തി. ചായസൽക്കാരവും ഗ്രൂപ്പ് ഫോട്ടോ എടുപ്പും കഴിഞ്ഞ് അവർ തിരിച്ചുപോയി. നമ്മുടെ ഓരോ ഫോട്ടോ ഓട്ടോഗ്രാഫു ചെയ്ത് അവർക്കു കൊടുത്തു. വൈകിട്ട് മൂലേടത്തു നിന്നു അബ്രഹാം കത്തനാർ വന്നിരുന്നു.

17 ബുധൻ. ഇന്നും ഫീലിപ്പോസു കത്തനാരും മാനേജരച്ചനും വന്നിരുന്നു. എത്യോപ്യൻ ചക്രവർത്തിയുടെ സ്വീകരണത്തെപ്പറ്റി ആലോചിച്ചു. കാലത്തെ ഉപ്പൂട്ടിൽ കുഞ്ഞച്ചൻ വന്നിരുന്നു. കുരിശുംതൊട്ടി പണിക്ക് 100 രൂപാ നമ്മെ ഏല്പിച്ചു.

പത്തര മണിക്ക് എപ്പിസ്ക്കോപ്പൽ കൗൺസിൽ കൂടി. മാർ ഈവാനിയോസ്, മാർ അത്താനാസ്യോസ്, മാർ പീലക്സിനോസ് എന്നീ മെത്രാച്ചന്മാരും പി. എൻ. നൈനാനും ഉണ്ടായിരുന്നു. പല കാര്യങ്ങളെപ്പറ്റി ആലോചിച്ചു. കൗൺസിൽ ഇന്ന് തീരാഴികയാൽ നാളത്തേക്കു കൂടി നീട്ടി വച്ചു. പീലക്സിനോസ് മെത്രാച്ചൻ ഇവിടെ താമസിച്ചു. ഉച്ചയോടുകൂടി പത്തനംതിട്ട നിന്നും ശമുവേൽ ശെമ്മാശനും, ഉമ്മൻ ശെമ്മാശനും വന്നിരുന്നു. ഉച്ചകഴിഞ്ഞ് തിരിച്ചുപോയി.

18 വ്യാഴം. ഇന്നും കൗൺസിൽ കൂടി. ഫീലിപ്പോസ് കത്തനാരും, മാനേജരച്ചനും പി. എൻ. നൈനാനും, മെമ്പറന്മാരെ കൂടാതെ കൗൺസിലിൽ സംബന്ധിച്ചു. എത്യോപ്യൻ ചക്രവർത്തിക്കു കൊടുക്കുവാനുള്ള മംഗളപത്രം പോൾ വർഗീസ് കൊണ്ടുവന്നത് വായിച്ച് ആവശ്യമായ വ്യത്യാസങ്ങൾ വരുത്തി. ചെങ്ങന്നൂർ ബഥേൽ ഇടവകക്കാരുടെ സങ്കടഹർജിയെപ്പറ്റി കേട്ട് ഒരു തീരുമാനം കൗൺസിൽ ചെയ്തു.

19 വെള്ളി. മാനേജരച്ചനും ഫീലിപ്പോസ് അച്ചനും കൊച്ചുണ്ണൂണ്ണിയും കൂടി തിരുവനന്തപുരത്തേക്കു പോയി. ചക്രവർത്തിക്കു സമ്മാനം കൊടുക്കുന്നതിനുള്ള വടിയും അഡ്രസ് കൊടുക്കുന്നതിനുള്ള കാസ്കറ്റും ഇടപാടു ചെയ്തു. കൂടാതെ ചക്രവർത്തിയുടെ കൂടെയുള്ള രാജകുടുംബാംഗങ്ങൾക്കു കൊടുക്കുന്നതിന് ആനക്കൊമ്പു കൊണ്ടുള്ള ചില രൂപങ്ങളും വാങ്ങിക്കൊണ്ടു പോന്നു.

കുറിച്ചിയിൽ നിന്നും നമ്മുടെ അനുജൻ വക്കീലിന്റെ മക്കൾ, മറിയക്കുട്ടിയും, കുഞ്ഞന്നാമ്മയും വന്നിരുന്നു. അവന് നല്ല സുഖം ഇല്ലെന്നും നമ്മെ ഒന്നു കാണണമെന്ന് അതിയായ ആഗ്രഹം ഉണ്ടെന്നും അവർ പറഞ്ഞു. നാം നാളെയോ മറ്റന്നാൾ ഉച്ചകഴിഞ്ഞോ അങ്ങോട്ടു ചെല്ലാമെന്നു പറഞ്ഞു. നിരണത്തു നിന്നും മട്ടയ്ക്കലെ കൊച്ചു കത്തനാർ വന്നിരുന്നു. അയാളുടെ നിയമനകാര്യത്തെപ്പറ്റി സങ്കടം പറഞ്ഞു. അതേപ്പറ്റി ദീവന്നാസ്യോസ് മെത്രാച്ചനോടു പഴയസെമിനാരിയിലേക്കു ഫോൺ ചെയ്തു ചോദിച്ചശേഷം മെത്രാച്ചന്റെ അനുവാദപ്രകാരം ഒരു സ്റ്റേ കല്പന കൊടുത്തു.

പേഴമറ്റത്ത് കുറിയാക്കോസ് കത്തനാർ വന്ന് വാഴൂർ പണിയുന്ന സ്കൂളു കാര്യത്തെപ്പറ്റിയും മറ്റും പറഞ്ഞു. ആറു മണിയോടു കൂടി ആഞ്ഞിലിത്താനത്തുകാരൻ തര്യൻ കത്തനാർ വന്നിരുന്നു. അയാൾക്ക് ബി.റ്റി. യ്ക്കു പഠിക്കുന്നതിനുള്ള ബോണ്ട് ഒപ്പിട്ടുകൊടുത്തു.

20 ശനി. കാലത്തെ കുറിച്ചിയിൽ നിന്നും യോഹന്നാൻകുട്ടി വന്നു. അനുജന്റെ സുഖമില്ലാഴിക സാരമില്ലെന്നും മറ്റും പറഞ്ഞു. നാളെ ഉച്ചകഴിഞ്ഞ് കുറിച്ചിയിൽ എത്തി അനുജനെ കാണാമെന്നും പള്ളിയിൽ നിന്നും കല്ലാച്ചേരീലോട്ടു പോകുന്നതിന് വള്ളം ശട്ടംകെട്ടണമെന്നും മറ്റും അവനോടു പറഞ്ഞയച്ചു.

ഉമ്മൻ ശെമ്മാശൻ കോടുവളഞ്ഞിയിൽ നിന്നും വന്നിരുന്നു. അയാളുടെ വിവാഹത്തിന് നാം കൂടെ ചെല്ലണമെന്ന് നിർബ്ബന്ധമായി പറഞ്ഞു. നമ്മുടെ കാലിൽ നീര് അല്പം കൂടുതലായിരുന്നതുകൊണ്ടും, ക്ഷീണം നല്ലവണ്ണം ഉണ്ടായിരുന്നതുകൊണ്ടും മറ്റും നമുക്ക് പ്രയാസമാണെന്നു പറഞ്ഞു. കൂടാതെ നാം കൊടുത്ത പവൻ കൊണ്ടു പണികഴിപ്പിച്ച മോതിരം അയാൾ നമ്മെ കാണിച്ചു. നാം അത് വാഴ്ത്തി അയാളുടെ കയ്യിൽ ഇട്ടു.

ഉച്ചകഴിഞ്ഞ് പഴയസെമിനാരിയിലേക്കു പോയി. എത്യോപ്യൻ ചക്രവർത്തി ഒക്ടോബർ 31-ാം തീയതി സെമിനാരി സന്ദർശിക്കുന്നതു സംബന്ധിച്ചുള്ള ഒരുക്കങ്ങൾ കണ്ടു. ദീവന്നാസ്യോസ് മെത്രാച്ചനെ കണ്ട് കുറെനേരം സംസാരിച്ചു. നാലു മണിയോടു കൂടി തിരിച്ചുപോന്നു. സന്ധ്യകഴിഞ്ഞ് യോഹന്നാൻ കത്തനാർ വന്നു. അയാളെ ഇവിടുത്തേക്കു ചാപ്ലെയിനായി നിയമിച്ചിരിക്കയാണ്.

21 ഞായർ. രാവിലെ യോഹന്നാൻ കത്തനാർ വി. കുർബ്ബാന ചൊല്ലുകയും പ്രസംഗിക്കുകയും ചെയ്തു. കുർബ്ബാന കഴിഞ്ഞ് പടിഞ്ഞാറേക്കര കൊച്ച് പടിഞ്ഞാറേക്കരക്കാരുടെ വകയായി അഞ്ഞൂറു രൂപാ കുരിശുംതൊട്ടി പണിയുന്നതിന് നമ്മെ ഏല്പിച്ചു. ഉച്ചയോടു കൂടി ഡോക്ടർ മാത്യുവിനെ വരുത്തി നമ്മുടെ കാലിലെ നീരു കാണിച്ചു. അയാൾ ഒരു ഗുളികയ്ക്കു കുറിച്ചു തന്നു.

മൂന്നു മണിക്ക് കുറിച്ചിയിലേക്കു പോയി പള്ളിയിൽ ചെന്ന് അവിടെ നിന്നും വള്ളത്തേൽ കല്ലാച്ചേരിയിലേക്കു പോയി. അനിയൻ വക്കീലിനെ കണ്ടു. യോഹന്നാൻകുട്ടിയും ചാക്കോച്ചനും മറ്റും അവിടെ ഉണ്ടായിരുന്നു. അവന്റെ അസുഖങ്ങൾക്കു കുറവുണ്ട്. വാതം സംബന്ധിച്ച് കാലിനു കഴപ്പും, പൊതുവെ വാർദ്ധക്യസമാനമായ ക്ഷീണവും ഉണ്ട്. അഞ്ചു മണിയോടു കൂടി തിരിച്ചു പോന്നു. ആറരയ്ക്കു ഇവിടെ എത്തി. പരുമല മാനേജർ മാത്യൂസ് കത്തനാർ വന്നിരുന്നു. പെരുനാൾ സംബന്ധിച്ച കാര്യങ്ങൾ പറഞ്ഞു. വള്ളക്കാലിയുടെ കേസിനെപ്പറ്റിയും മറ്റും പറഞ്ഞു. യോഹന്നാൻ കത്തനാർ സന്ധ്യയോടു കൂടി തിയോളജിക്കൽ സെമിനാരിയിലേക്ക് തിരിച്ചുപോയി.

കൊച്ചുകൊച്ചും സന്ധ്യയ്ക്കു വന്നിരുന്നു. നമ്മുടെ കാലിലെ നീരിന്റെ വിവരം നാളെ വയസ്ക്കരെ അറിയിച്ച് കഷായത്തിനു കുറിപ്പിക്കാമെന്നു പറഞ്ഞുപോയി.

22 തിങ്കൾ. ഉമ്മൻ ശെമ്മാശന്റെ വിവാഹം പ്രമാണിച്ച് മാനേജരച്ചൻ, മണലിൽ അച്ചൻ, ഫീലിപ്പോസ് കത്തനാർ, ജോർജ്ജ് എന്നിവർ കോടുവളഞ്ഞിക്കു പോയി. വൈകിട്ടു തിരിച്ചു വന്നു. കൊച്ചുകൊച്ചിന്റെ അനുജൻ സി. വി. കോര കുരിശുംതൊട്ടി പണിക്ക് 15 രൂപാ അയച്ചുതന്നു.

കാലിലെ നീരിന് ഡോക്ടർ കുറിച്ച ഗുളിക ഇന്നു മുതൽ സേവിച്ചു തുടങ്ങി. വൈകിട്ട് വയസ്ക്കരെ നിർദ്ദേശമനുസരിച്ചുള്ള കഷായം കൊച്ചുകൊച്ച്

കൊടുത്തയച്ചതു നാം സേവിച്ചു തുടങ്ങി. മൂലേടത്തു നിന്നും ഏബ്രഹാം കത്തനാർ വന്നിരുന്നു.

23 ചൊവ്വ. ഫീലിപ്പോസ് കത്തനാർ വന്നിരുന്നു. ചക്രവർത്തിയുടെ പ്രോഗ്രാമിന് ഏതോ ചില മാറ്റങ്ങൾ ഉള്ളതായി കേട്ടതായും, നാളെ സി. പി. മാത്തൻ ഇവിടെ വരുമെന്നും അപ്പോൾ ശരിയായ പ്രോഗ്രാം അറിയാമെന്നും പറഞ്ഞു.

നമ്മുടെ കാലിലെ നീരിന് ഇന്നു കുറെ കുറവുണ്ടായിട്ടുണ്ട്. ഉച്ചകഴിഞ്ഞ് കൊച്ചുകൊച്ചും കൊച്ചുണ്ണൂണ്ണിയും വന്നിരുന്നു. ചക്രവർത്തിയുടെ വരവിനെ സംബന്ധിച്ചുള്ള പല കാര്യങ്ങൾ പറഞ്ഞു.

24 ബുധൻ. രാവിലെ തുമ്പമൺകാരൻ ഇടിക്കുള വന്നിരുന്നു. സ്കൂൾ കാര്യത്തെപ്പറ്റിയും മറ്റും പറഞ്ഞു. കുരിശുംതൊട്ടിയിൽ ലൈറ്റിടുന്നതിനായി 200 രൂപാ നമ്മെ ഏല്പിച്ചു.

പത്തര മണിക്ക് ഫീലിപ്പോസ് കത്തനാർ ഓഫീസിൽ വന്നിരുന്നു. 12 മണിക്ക് സി. പി. മാത്തൻ വന്നിരുന്നു. എത്യോപ്യൻ ചക്രവർത്തിയുടെ പ്രോഗ്രാം വ്യത്യാസപ്പെടുത്തിയതിൽ സൈമൺ ശെമ്മാശനും മറ്റുമുള്ള പങ്കിനെപ്പറ്റി പറഞ്ഞു. പഴയസെമിനാരിയിലെ സ്വീകരണം ഏറ്റം ഭംഗിയാക്കണമെന്നും അതേപ്പറ്റി ആലോചിക്കുന്നതിന് ഇന്ന് വൈകിട്ട് മാത്തൻ പഴയസെമിനാരിയിൽ വന്നെത്താമെന്നും പറഞ്ഞു.

മൂന്നു മണിക്ക് മണിക്ക് മാർ തേവോദോസ്യോസ് മെത്രാച്ചനും ഒന്നിച്ച് പഴയസെമിനാരിയിൽ പോയി. മാർ ദീവന്നാസ്യോസ് മെത്രാച്ചൻ അവിടെ ഉണ്ടായിരുന്നു. മെത്രാച്ചനുമായി അധികനേരം ചക്രവർത്തിയുടെ വരവിനെ സംബന്ധിച്ചും മറ്റും മറ്റും വർത്തമാനം പറഞ്ഞു.

ചക്രവർത്തിയുടെ വരവു സംബന്ധിച്ചു പെയിന്റിംഗ്, വെള്ളപൂശ്, വഴി നന്നാക്ക് മുതലായ ജോലികൾ ധൃതഗതിയിൽ നടന്നുകൊണ്ടിരുന്നു. നാലര മണിക്ക് ഫീലിപ്പോസച്ചനും, കൊച്ചുണ്ണൂണ്ണിയും വന്നു. കളക്ടർ ഒരു പ്രോഗ്രാം കുറിച്ചു കൊടുത്തത് കൊച്ചുണ്ണൂണ്ണി വായിച്ചു കേൾപ്പിച്ചു. അതനുസരിച്ച് ചക്രവർത്തി 30-ാം തീയതി വൈകിട്ടു കോട്ടയത്തു എത്തി ഗസ്റ്റ്ഹൗസിൽ താമസിക്കും. 31-ാം തീയതി രാവിലെ 8.30-നു നാം അദ്ദേഹത്തെ ഗസ്റ്റ് ഹൗസിൽ വച്ച് കണ്ട് സംഭാഷണം നടത്തുന്നതും അതു കഴിഞ്ഞാലുടനെ മാർ യൂലിയോസും കാണുന്നുണ്ടെന്നും അതിനുശേഷം വലിയപള്ളി സന്ദർശനവും താഴത്തങ്ങാടിയിലെ വള്ളംകളിയും കണ്ടതിനുശേഷം സെമിനാരിയിൽ പത്തരയ്ക്കു എത്തുന്നതും അവിടുത്തെ ചടങ്ങുകളിൽ സംബന്ധിച്ച ശേഷം ഒരു മണിക്ക് ഗസ്റ്റ് ഹൗസിൽ വച്ച് ഉച്ചഭക്ഷണവും വിശ്രമവും കഴിഞ്ഞ് ചേപ്പാട്ടിനു പോകും.

അഞ്ചര മണിക്ക് സി. പി. മാത്തൻ വന്നു. മാത്തൻ സെമിനാരിയിലെ അറേഞ്ച്മെന്റ്സ് ഒക്കെ നോക്കി. പല കാര്യങ്ങളെപ്പറ്റി പറഞ്ഞു. ചക്രവർത്തി വരുന്നതിനു തലേ ദിവസം തന്നെ മാത്തൻ ഇവിടെ എത്താമെന്നും വേണ്ട ക്രമീകരണങ്ങൾ ആവശ്യമായത് ചെയ്യാമെന്നും പറഞ്ഞുപോയി. ആറര മണിക്ക് തേവോദോസ്യോസ് മെത്രാച്ചനും നാമും തിരിച്ചുപോന്നു. മെത്രാച്ചൻ മാങ്ങാനത്തിനു പോയി.

25 വ്യാഴം. എത്യോപ്യൻ ചക്രവർത്തി ഇന്ന് ബോംബെയിൽ എത്തുമെന്ന് പത്രങ്ങളിൽ കണ്ടു. അതനുസരിച്ച് അദ്ദേഹത്തെ സ്വാഗതം ചെയ്തുകൊണ്ട് ഒരു കമ്പി നാം ഇവിടെ നിന്നും അടിച്ചു.

താഴത്തങ്ങാടിയിൽ നിന്നും എറികാട്ടു ലൂക്കോച്ചൻ വന്നിരുന്നു. ചക്രവർത്തിയുടെ വരവ് പ്രമാണിച്ചും വള്ളംകളി പ്രമാണിച്ചുമുള്ള താഴത്തങ്ങാടിയിലെ ഒരുക്കങ്ങളെപ്പറ്റിയും മറ്റും പറഞ്ഞു.

ഉമ്മൻ ശെമ്മാശൻ വിവാഹം കഴിഞ്ഞ് ഭാര്യയും അപ്പനും അമ്മയും പെങ്ങളുമൊന്നിച്ച് വന്നു. ശെമ്മാശൻ ഇവിടെ താമസിച്ചു. മറ്റവരെല്ലാം അഞ്ചു മണിക്കു തിരിച്ചുപോയി.

28 വെള്ളി. 10 മണിയോടു കൂടി അത്താനാസ്യോസ് മെത്രാച്ചനും, ഫീലിപ്പോസ് അച്ചൻ, തേവോദോസ്യോസ് മെത്രാച്ചൻ, പി. സി. ഏബ്രഹാം, പഴയ സെമിനാരി മാനേജരച്ചൻ, കൊച്ചുണ്ണൂണ്ണി മുതലായവർ വന്നിരുന്നു. ചക്രവർത്തിക്കു കൊടുക്കുന്ന അഡ്രസ്സിന്റെ കോപ്പി പ്രിന്റ് ചെയ്തതു കൊണ്ടുവന്നു. ചക്രവർത്തിയുടെ കൂടെ വരുന്ന റോയൽ ഫാമിലിയിൽപെട്ടവർക്ക് (മകനും മകൾക്കും കൊച്ചുമകൾക്കും) കൊടുക്കുവാനുള്ള സമ്മാനങ്ങൾ ഓരോ നല്ല പെട്ടികളിൽ ആക്കിക്കൊടുക്കണമെന്നു പറഞ്ഞു. അതനുസരിച്ച് പെട്ടി പണിയുന്നതിനും പേരു കൊത്തുന്നതിനുമായി മില്യൻ കമ്പനിയിൽ സാധനങ്ങൾ ഏല്പിച്ചു. പോൾ വർഗീസ് വന്നിരുന്നു. ഗവൺമെന്റിൽ നിന്നും ഇതുവരെ ചക്രവർത്തിയുടെ ഫൈനൽ പ്രോഗ്രാം ഇവിടെ ഔദ്യോഗികമായി അയച്ചുതന്നിട്ടില്ലാത്തതിനാൽ ചീഫ് സെക്രട്ടറിയുടെ പേർക്ക് ടി വിവരത്തിന് ഒരു കമ്പി അടിച്ചു. പോൾ വർഗീസ് ഉച്ചയോടു കൂടി തിരിച്ചുപോയി.

27 ശനി. കൊച്ചുണ്ണൂണ്ണിയും, മാനേജരച്ചനും, ഫീലിപ്പോസച്ചനും, കുട്ടിയപ്പനും വന്നിരുന്നു. അവർ മുത്തുക്കുട അന്വേഷിക്കുന്നതിനായി അതിരമ്പുഴയ്ക്കും മറ്റും പോയി. ഇന്നലെ അടിച്ച കമ്പിക്ക് ചീഫ് സെക്രട്ടറിയുടെ മറുപടി വിശദമായ പ്രോഗ്രാം ഉൾപ്പെടുത്തി വന്നു.

ചക്രവർത്തിയുടെ പേർക്ക് ബോംബെയ്ക്ക് അദ്ദേഹത്തെ സ്വാഗതം ചെയ്തുകൊണ്ട് നാം അടിച്ച കമ്പിക്കു പ്രൈവറ്റ് സെക്രട്ടറിയുടെ മറുപടി കിട്ടി.

മേല്പാടത്തുകാരൻ കത്തനാർ പള്ളത്തു കുർബ്ബാന ചൊല്ലുന്നതിനു പോയി. യോഹന്നാൻ കത്തനാർ എം.ഡി. യിൽ നിന്നും വന്നു.

വൈകിട്ടും മാനേജരച്ചനും കൊച്ചുണ്ണൂണ്ണിയും വന്നിരുന്നു. ചക്രവർത്തിയുടെ സ്വീകരണത്തിനു പള്ളിയകത്തു കയറുന്നവരുടെ (പട്ടക്കാരുടെയും മറ്റും) ലിസ്റ്റ് തയ്യാറാക്കി കളക്ടറെ ഏല്പിച്ചു.

28 ഞായർ. രാവിലെ നാം വി. കുർബ്ബാന അർപ്പിക്കുകയും പ്രസംഗിക്കുകയും ചെയ്തു. യോഹന്നാൻ കത്തനാർ മാങ്ങാനത്തു പോയി വി. കുർബ്ബാന ചൊല്ലി.

അഞ്ചു മണിക്ക് കഞ്ഞിക്കുഴി കവലയിൽ പണികഴിപ്പിക്കുന്ന കുരിശുംതൊട്ടിയുടെ മുകളിലത്തെ കുരിശ് വച്ചു. കുരിശ് മേസ്തിരിമാർ ഇവിടെ കൊണ്ടുവന്നത് നാം ശുദ്ധീകരിച്ചു കൊടുത്തയച്ചു. യോഹന്നാൻ കത്തനാരും സഖറിയാ ശെമ്മാശനും കവലയിൽ പോയി പ്രാർത്ഥന നടത്തി കുരിശു സ്ഥാപിച്ചു. കുരിശ് സ്ഥാപനം പ്രമാണിച്ച് ആളുകൾ പലരും കവലയിൽ കൂടിയിരുന്നുവെന്നും മറ്റും ശെമ്മാശൻ പറഞ്ഞു.

29 തിങ്കൾ. രാവിലെ ഫീലിപ്പോസ് അച്ചൻ വന്നിരുന്നു. ചക്രവർത്തിയുടെ വരവ് പ്രമാണിച്ചുള്ള ചടങ്ങുകളിൽ സംബന്ധിക്കുന്നതിനു കുറെപ്പേരെയെങ്കിലും അന്യസമുദായത്തിൽ നിന്നും മറ്റും ക്ഷണിക്കണമെന്ന് പലർക്കും അഭിപ്രായമുണ്ടെന്നു പറഞ്ഞു. അങ്ങനെ ചെയ്യുന്നതിന് നമുക്ക് വിരോധമില്ലെന്നു നാം പറഞ്ഞതനുസരിച്ച് ഇൻവിറ്റേഷൻ അയക്കാൻ തീരുമാനിച്ചു.

10 മണിക്ക് പഴയസെമിനാരിയിൽ പോയി ഒരുക്കങ്ങളെല്ലാം കണ്ടു. 12 മണിക്കു തിരിച്ചുപോന്നു. പോരുന്ന വഴി എം.ഡി. സെമിനാരിയിൽ കയറി ഉച്ചനമസ്കാരം കഴിഞ്ഞ് ഹെഡ്മാസ്റ്ററെയും, മനോരമയിലെ കുഞ്ഞിനെയും മറ്റും വരുത്തി മനോരമ കവലയിൽ ചക്രവർത്തിയുടെ വരവ് പ്രമാണിച്ച് വല്ല അലങ്കാരങ്ങളും ആർച്ചുകളും മറ്റും ഉണ്ടാക്കണമെന്ന് പറഞ്ഞു.

രണ്ടരയ്ക്കു ഡോക്ടർ മാത്യു വന്നു. നമ്മുടെ കാലിലെ നീരിന് ചില മരുന്നുകൾ കുറിച്ചു തന്നിട്ടുപോയി.

നാലു മണിക്ക് നമ്മുടെ വണ്ടി മൂവാറ്റുപുഴയ്ക്കു അയച്ചു. തീമോത്തിയോസ് മെത്രാച്ചനെ കൊണ്ടുവന്നു. ഏഴു മണിയോടു കൂടി മെത്രാച്ചൻ വന്നുചേർന്നു.

(തുടരും)

സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്

"വി. കുർബ്ബാനവേളയിലുള്ള ആശീർവാദങ്ങളിൽ ആദ്യ മൂന്നു വാഴ്വുകളും കാർമ്മികൻ ഇടതുകൈപ്പത്തി രഹസ്യങ്ങൾക്കുകീഴെ വിരിക്കൂട്ടിൽ തബലൈത്തായുടെ പടിഞ്ഞാറേ വശത്ത് മദ്ധ്യത്തിൽ വച്ചുകൊണ്ട് പൂർണ്ണമായും പടിഞ്ഞാറോട്ട് തിരിക്കുകയും ഒപ്പം രഹസ്യങ്ങൾ വിശ്വാസികൾക്ക് ഗോചരമാകുന്നവിധത്തിൽ ത്രോണോസ്സിന്റെ വടക്കുവശത്തേക്ക് മാറിനിൽക്കുകയും ചെയ്തുകൊണ്ട് നിർവ്വഹിക്കണം. നിന്റെ ശരീരത്തിന്റെ മേനിയോ അംശവസ്ത്രത്തിന്റെയോ ആടയാഭരണങ്ങളുടെയോ ഭംഗി കാണുവാനോ, കാണിക്കുവാനോ അല്ല ശ്രമിക്കേണ്ടത്."

- ഡാറയിലെ യോഹന്നാൻ

പുന്നത്ര മാർ ദീവന്നാസിയോസ്: ഒരു സാമൂഹ്യ പരിഷ്കർത്താവ്

ഡെറിൻ രാജു

“ഞാൻ ഇപ്പോൾ ഒരു തിട്ടയിലാണ് നിൽക്കുന്നത്. നാളെ ഞാൻ ഒന്നുകിൽ സായിപ്പന്മാരോട് പിണങ്ങി പിരിയുകയോ അല്ലാത്തപക്ഷം എന്റെ സഭയെ ഒറ്റിക്കൊടുക്കുകയോ ചെയ്യണം. അവരുടെ ഉദ്ദേശ്യം നമ്മുടെ വിശ്വാസം ഭേദപ്പെടുത്തണമെന്നുള്ളതാകുന്നു. എന്റെ മാനം നഷ്ടപ്പെട്ടാലും ഞാൻ വഞ്ചകനായിത്തീരുകയില്ല” (1818-ലെ മാവേലിക്കര പള്ളിയോഗത്തിനു പുറപ്പെടും മുമ്പായി പുന്നത്ര മാർ ദീവന്നാസിയോസ് കൂടെ നിന്നവരോട് പറഞ്ഞത്.)


ചരമ ദ്വിശതാബ്ദി (1825–2025)

മലങ്കര മെത്രാപ്പോലീത്താ പുന്നത്ര മാർ ദീവന്നാസിയോസിനെ വിശകലനം ചെയ്യാൻ ശ്രമിക്കുമ്പോൾ ആദ്യം മനസിലേക്ക് വരുന്നത് ഈ ഒരു വാചകമാണ്. ഒരു കൊളോണിയൽ ശക്തിയോട് ഏറ്റുമുട്ടേണ്ടി വരുമ്പോൾ ഉണ്ടാകുന്ന ആകുലത ഈ വാക്കുകളിൽ പ്രകടമാണ്. പോർച്ചുഗീസുകാരോട് നസ്രാണികൾ അടരാടി സ്വാതന്ത്ര്യം എപ്രകാരമാണോ ഉറപ്പിച്ചത്, അതുപോലെ സത്യവിശ്വാസസംരക്ഷണമെന്ന ദൗത്യമായിരുന്നു മലങ്കരസഭ പത്തൊമ്പതാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിൽ ഏറ്റെടുത്തത്. പുന്നത്ര മാർ ദീവന്നാസിയോസും ചേപ്പാട്ട് മാർ ദീവന്നാസിയോസും വിളിച്ചുചേർത്ത പള്ളിയോഗങ്ങൾ ആ ദൗത്യത്തെ മുൻനിർത്തിയുണ്ടായവയും ആയിരുന്നു. അന്ത്യോഖ്യൻ സഭാവിജ്ഞാനീയവും പാശ്ചാത്യ സുറിയാനി ആരാധനാപാരമ്പര്യവും നസ്രാണികൾക്കിടയിൽ അതിദ്രുതം പ്രചരിച്ച ഒരു കാലഘട്ടമായിരുന്നു പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യ പകുതി. ഏഴാം മാർത്തോമായുടെ നാല്പതാം അടിയന്തിരത്തിന്റെയന്ന് കണ്ടനാട് കൂടിയ പള്ളിയോഗം തെക്കും വടക്കും ഓരോ പഠിത്തവീടുകൾ സ്ഥാപിക്കാനും അന്ത്യോഖ്യൻ പള്ളിക്രമങ്ങൾ വ്യാപകമാക്കാനും തീരുമാനിച്ചു. എന്നാൽ പഠിത്തവീടുകൾ സ്ഥാപിക്കുകയെന്ന പള്ളിയോഗത്തിന്റെ തീരുമാനം നടപ്പിലായില്ല. പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാൻ സ്വന്തം നിലയിൽ പഠിത്തവീടിന്റെ നിർമ്മാണവുമായി മുന്നോട്ടുപോയി. തിരുവിതാംകൂർ മഹാറാണിക്ക് അപേക്ഷയും നൽകി. എതിർപക്ഷം ഇതിനെതിരെ പരാതി നൽകിയെങ്കിലും കേണൽ മൺറോയുടെ സഹകരണത്തിലൂടെയും അത് മുഖാന്തിരം തിരുവിതാംകൂർ മഹാറാണിയുടെ സഹായത്തിലൂടെയും പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാൻ കോട്ടയത്ത് മീനച്ചിലാറിന്റെ കരയിൽ സെമിനാരി സ്ഥാപിച്ചു. അദ്ദേഹം 1816-ൽ കാലം ചെയ്യുകയും തൊഴിയൂരിന്റെ കിടങ്ങൻ മാർ പീലക്സിനോസ് മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് പ്രവേശിക്കുകയും ചെയ്തു. എല്ലാവരുടെയും താൽപര്യത്തോടും ആശീർവാദത്തോടും അല്ല ആ സ്ഥാനമേറ്റെടുക്കൽ നടന്നത്. അതിന്റെ കൂടി അടിസ്ഥാനത്തിൽ താമസംവിനാ മെത്രാപ്പോലീത്തായുടെ വികാരി ജനറലായി പുന്നത്ര കുര്യൻ കത്തനാർ നിയോഗിക്കപ്പെട്ടു. വൃദ്ധനായ മാർ പീലക്സിനോസിനു ഭരണം നടത്തുന്നതിനു വേണ്ടത്ര കഴിവില്ലെന്നു ബോദ്ധ്യമായിരുന്നതിനാൽ പുന്നത്ര കത്തനാരെ സമീപഭാവിയിൽതന്നെ മെത്രാപ്പോലീത്താ ആയി ഉയർത്തണമെന്ന് അന്നു നസ്രാണികളുടെ സമുദായകാര്യങ്ങളിൽ കർത്തവ്യം ലഭിച്ചിരുന്ന മിഷണറിമാർ തീർച്ച ചെയ്തു എന്ന് പാറേട്ട് രേഖപ്പെടുത്തുന്നു. താമസംകൂടാതെ 1817 ഒക്ടോബർ 19-നു പുന്നത്ര കത്തനാരെ മാർ ദീവന്നാസിയോസ് എന്ന പേരിൽ മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് ഉയർത്തുകയും ചെയ്തു. ഈ കാര്യങ്ങളിലെല്ലാം സഭാകാര്യങ്ങളിലെ മിഷണറിമാരുടെ സ്വാധീനം പ്രകടമാകുന്നു. അപ്രകാരമുള്ള ബന്ധത്തിന്റെ ഒരു വികാസം മനസിലാക്കേണ്ടത് നമ്മുടെ മുമ്പോട്ടുള്ള പഠനത്തിനു അനിവാര്യമാണ്.

പ്രൊട്ടസ്റ്റന്റ് ബന്ധം

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ തന്നെ തിരുവിതാംകൂറും കൊച്ചിയും ബ്രിട്ടീഷ് നിയന്ത്രണത്തിലായിരുന്നു. 1800-ൽ ഇരു രാജ്യങ്ങളെയും നിയന്ത്രിക്കുവാൻ തക്ക അധികാരങ്ങളോടെ റസിഡന്റായി കോളിൻ മക്കാളെ നിയമിക്കപ്പെട്ടു. മദ്രാസ് ഗവർണറായിരുന്ന ബെൻറിക് അവിടുത്തെ ചാപ്ലിയനായിരുന്ന ഡോ. കെറിനെ നസ്രാണികളെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ സമ്പാദിക്കുന്നതിനായി അയച്ചു. മക്കാളെയുടെ പിന്തുണയും ഉപദേശവും ഈ നടപടിക്കു പിന്നിലുണ്ടായിരുന്നു. ആ വർഷം തന്നെ (1806-ൽ) കൽക്കട്ടാ ഫോർട്ട് വില്യം കോളജിലെ വൈസ് പ്രൊവോസ്റ്റ് ആയിരുന്ന ക്ലോഡിയസ് ബുക്കാനനും കേരളത്തിലെത്തി. ഇദ്ദേഹം ആറാം മാർത്തോമ്മായുമായി ദീർഘമായ സംഭാഷണങ്ങളിൽ ഏർപ്പെടുകയും വേദപുസ്തക തർജമയിൽ സഹകരിക്കുകയും ചെയ്തു. 1815-ൽ സെമിനാരി സ്ഥാപിക്കപ്പെട്ടതോടു കൂടി മിഷണറിമാരുമായുള്ള ബന്ധം മറ്റൊരുതലത്തിലേക്ക് കടന്നു. 1816-ൽ റവ. നോർട്ടൺ കേരളത്തിലെത്തി. തുടർന്ന് റവ. ബെഞ്ചമിൻ ബെയ്ലിയും അതിനെ തുടർന്ന്

റവ. ഹെൻറി ബേക്കറും ജോസഫ് ഫെന്നും കേരളത്തിലെത്തി. സെമിനാരിയിൽ മിഷണറിമാർ പഠിപ്പിക്കുക മാത്രമല്ല, സകല കാര്യങ്ങളും മെത്രാപ്പോലീത്തായുമായി മിഷണറിമാർ ആലോചിച്ച് നടക്കുകയും ചെയ്തു എന്ന് ഇട്ടൂപ്പ് രേഖപ്പെടുത്തുന്നു. സെമിനാരി സ്ഥാപകൻ പുലിക്കോട്ടിൽ മാർ ദീവന്നാസിയോസ് കാലം ചെയ്തതു മുതൽ നസ്രാണികളുടെ പ്രൊട്ടസ്റ്റന്റുവൽക്കരണത്തിന് കേണൽ മൺറോയും ആംഗ്ലിക്കൻ മിഷണറിമാരും കളമൊരുക്കുകയായിരുന്നു. മാർ ദീവന്നാസിയോസ് ദ്വിതീയൻ കാലം ചെയ്ത ഉടൻതന്നെ കിടങ്ങൻ മാർ പീലക്സിനോസിനെ വരുത്തി മലങ്കരമെത്രാൻ സ്ഥാനം ഏൽപ്പിച്ചു കൊടുത്തതിലും താമസിയാതെ തന്നെ കോട്ടയം സ്വദേശിയും പ്രശസ്തനും ഊർജസ്വലനായ യുവാവും ആയിരുന്ന പുന്നത്ര കുര്യൻ (ഗീവറുഗീസ്) കത്തനാരെ വികാരി ജനറലായി നിയമിച്ചതിലും വ്യക്തമായ ബ്രിട്ടീഷ് പദ്ധതി സംശയിക്കാം എന്ന് പല ചരിത്രകാരന്മാരും ചൂണ്ടിക്കാട്ടുന്നു.

പുന്നത്ര മാർ ദീവന്നാസിയോസ് സഭാ ഭരണത്തിൽ

1817 ഒക്ടോബർ 19-നു പുന്നത്ര മാർ ദീവന്നാസിയോസ് മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് പ്രവേശിച്ചു. പ്രൊട്ടസ്റ്റന്റ് ബന്ധം ഒരു സവിശേഷമായ നിലയിൽ അപ്പോഴേക്കും ആയി കഴിഞ്ഞിരുന്നു. അദ്ദേഹം സ്ഥാനമേറ്റ ശേഷം മിഷണറിമാരുമായി സഹവർത്തിത്വത്തിലായിരുന്നു കഴിഞ്ഞിരുന്നത്. സെമിനാരിയിലെ അധ്യാപനത്തിൽ മിഷണറിമാർ സഹകരിച്ചിരുന്നു. എന്നാൽ സാവധാനം മിഷണറിമാർ പിടിമുറുക്കുകയായിരുന്നു. നസ്രാണികളുടെ പള്ളികളിൽ പ്രസംഗിക്കുവാൻ മിഷണറിമാരെ അനുവദിച്ചിരുന്നു. എന്നാൽ ഈ സാഹചര്യം അവർ നവീകരണ ആശയങ്ങൾ പ്രചരിപ്പിക്കുവാൻ ഉപയോഗിച്ചു തുടങ്ങി. നസ്രാണികളെ മുഴുവനും പ്രൊട്ടസ്റ്റന്റുവൽക്കരിക്കുന്നതിന് മൺറോയ്ക്കും താൽപര്യങ്ങൾ ഉണ്ടായിരുന്നു. 1818 മെയ് 23-നു കേണൽ മൺറോ ബെഞ്ചമിൻ ബെയ്‌ലിക്ക് അയച്ച കത്തിൽ നസ്രാണികളുടെ ഓർത്തഡോക്സ് വിശ്വാസവും കൂദാശകളും ഒഴിവാക്കി അവരെ പ്രൊട്ടസ്റ്റന്റുവൽക്കരിക്കണമെന്ന ഉദ്ദേശ്യം വ്യക്തമായിരുന്നു. എന്നാൽ ഇതിനു മുമ്പ് തന്നെ ആംഗ്ലിക്കൻ സഭയുടെ ആരാധനക്രമമായ ബുക്ക് ഓഫ് കോമൺ പ്രയർ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി തുടങ്ങിയിരുന്നു. എല്ലാ ഞായറാഴ്ചയും സെമിനാരി ചാപ്പലിൽ പൊതു ആരാധനയും ഇംഗ്ലീഷിൽ കമ്മ്യൂണിയൻ സർവ്വീസും ആരംഭിച്ചു. മിഷണറിമാർക്കും അവരുടെ കുടുംബത്തിനും മാത്രമായിരുന്നു കമ്മ്യൂണിയൻ സർവീസ് എന്നായിരുന്നു ഭാഷ്യം. പക്ഷേ കേണൽ മൺറോയുടെ മുകളിൽ പരാമർശിച്ച താൽപര്യം പരിഗണിച്ചാൽ അതൊരു പുകമറ മാത്രമായിരുന്നു എന്നു വിശ്വസിക്കേണ്ടി വരും. കഴിവതും സംഘർഷമില്ലാതെ സൗഹാർദപരമായി കഴിയുവാൻ പുന്നത്ര മാർ ദീവന്നാസിയോസ് ആഗ്രഹിച്ചുവെങ്കിലും കാര്യങ്ങൾ അങ്ങനെ മുന്നോട്ടു പോയില്ല. ആംഗ്ലിക്കൻ പ്രാർഥനാക്രമത്തിന്റെ പ്രചരണവും കേണൽ മൺറോയും മിഷണറിമാരും വിഭാവനം ചെയ്ത പ്രൊട്ടസ്റ്റന്റ് പരിഷ്ക്കാരങ്ങളും ത്വരിതപ്പെടുത്തുവാനും ഔദ്യോഗികമാക്കാനും മെത്രാപ്പോലീത്തായുടെ മേൽ സമ്മർദ്ദമുണ്ടായി. അദ്ദേഹം ആ തീരുമാനം പള്ളിയോഗത്തിനു വിട്ടുകൊടുത്തു. 1818 ഡിസംബർ (ഒക്ടോബർ) 3-നു മാവേലിക്കര പള്ളിയിൽ പള്ളിയോഗം വിളിച്ചുകൂട്ടി.

മാവേലിക്കര പള്ളിയോഗം

സുന്നഹദോസ് (പള്ളിയോഗം) കൂടുന്നതിനു മുമ്പായി റവ. ജോസഫ് ഫെൻ മെത്രാപ്പോലീത്തായുമായി ദീർഘസംഭാഷണം നടത്തി. എങ്കിലും മെത്രാപ്പോലീത്താ ഒന്നും സ്വയം സമ്മതിക്കുകയോ സഭയുടെ കാനോനുകളെ ലംഘിച്ചുകൊണ്ടുള്ള ഒരു തീരുമാനവും സമ്മതിക്കുകയോ ഉണ്ടായില്ല. പള്ളിയോഗം നിശ്ചയിക്കപ്പെട്ടപ്രകാരം കൂടി. സഭയുടെ തനിമയും സ്വഭാവവും നിലനിർത്തിക്കൊണ്ടുള്ള പരിഷ്ക്കാരത്തിനാണ് മിഷണറിമാർ ശ്രമിച്ചതെന്ന് ചിലർ രേഖപ്പെടുത്തിയത് ഒട്ടുമേ ശരിയല്ല. മലങ്കരസഭയെ മുഴുവനായി അഴിച്ചു പണിയുക എന്നതായിരുന്നു അവരുടെ ഉദ്ദേശ്യം. കന്യകമറിയാമിന്റെ പേര് എല്ലാ പ്രാർഥനകളിൽ നിന്നും നീക്കണമെന്നും കുർബാന തക്സാ പരിഷ്ക്കരിക്കണമെന്നും യോഗത്തിന്റെ അജണ്ടായിൽ ഉൾപ്പെട്ടിരുന്നു. എന്നാൽ ഇവയ്ക്ക് യോഗത്തിന്റെ അനുമതി വാങ്ങുവാൻ മിഷണറിമാർക്ക് സാധിച്ചില്ല. യോഗം പരിഷ്ക്കരണങ്ങളെപ്പറ്റി ആലോചിക്കുവാൻ ഒരു കമ്മിറ്റിയെ നിശ്ചയിച്ചു പിരിഞ്ഞു. ഇപ്രകാരമൊരു കമ്മിറ്റിയെ നിയോഗിക്കാൻ ഫെൻ തന്നെ അധ്യക്ഷവേദിയിൽ ആവശ്യപ്പെട്ടിരുന്നു. യോഗത്തിനു ശേഷം പ്രശ്നങ്ങൾ രൂക്ഷമാവുകയായിരുന്നു. മിഷണറിമാർ പള്ളികളിൽ ഉപദേശിക്കുകയും ഓർത്തഡോക്സ് വിശ്വാസത്തിനു വിരുദ്ധമായ ആശയങ്ങൾ പ്രചരിപ്പിക്കുകയും ചെയ്തു. സങ്കീർണവും വൈരുദ്ധ്യാത്മകവുമായ ഒരു നിലയാണ് പുന്നത്ര മാർ ദീവന്നാസിയോസ് നേരിട്ടത്. സത്യവിശ്വാസം നിലനിർത്തുക, അതേസമയം ബ്രിട്ടീഷുകാരെയും അവർ പിന്തുണയ്ക്കുന്ന മിഷണറിമാരെയും പിണക്കാതെയും ഇരിക്കുക. ആ സമയത്ത് തനിക്ക് ഒരു സഹായിയായി നിൽക്കുക എന്നതു കൂടി വിചാരിച്ച് അദ്ദേഹം അന്ത്യോഖ്യയിലേക്ക് ഒരു മെത്രാനെ ആവശ്യപ്പെട്ട് കത്ത് അയക്കുന്നുണ്ട്. സുന്നഹദോസിനു ശേഷം മിഷണറിമാരുടെ കൈകടത്തൽ രൂക്ഷമായപ്പോൾ മാത്രമാണ് അദ്ദേഹം ഇക്കാര്യം ചെയ്യുന്നത്. ഒരു താൽക്കാലിക വെടിനിർത്തലിനു പള്ളിയോഗം അവസരം ഒരുക്കിയെങ്കിലും അതിന് അധികം ആയുസ് ഉണ്ടായില്ല. മിഷണറിമാർ നവീകരണശ്രമങ്ങൾ കൂടുതൽ ശക്തമാക്കി. നവീകരണാശയത്തെ എതിർക്കുന്നതിൽ മെത്രാപ്പോലീത്തായുടെ ഏറ്റവും വലിയ ബൗദ്ധിക സഹായി കോനാട്ട് മല്പാനായിരുന്നു. തന്റെ പത്ത് വർഷത്തോളം നീണ്ടു നിന്ന ഭരണകാലത്തിലുടനീളം അദ്ദേഹത്തിനു സത്യവിശ്വാസം നിലനിർത്താനായി ജാഗരൂകനായി അധ്വാനിക്കേണ്ടി വന്നു. നേരിട്ടേറ്റുമുട്ടുന്നതിനു പകരം നയപരമായി കാര്യങ്ങളെ അദ്ദേഹം നോക്കി കണ്ടു. അത് ഒരു ബലഹീനതയോ പ്രീണനനയമോ അല്ല. ഒരു ശൈലിയായി മാത്രം കണ്ടാൽ മതിയാകും. എന്നാൽ മിഷണറിമാരെ പൂർണമായി ഒഴിവാക്കാൻ അദ്ദേഹത്തിന്റെ കാലത്ത് കഴിഞ്ഞില്ല. അപ്രതീക്ഷിതമായി 1825 മെയ് മാസത്തിൽ പുന്നത്ര മാർ ദീവന്നാസിയോസ് കോളറാ ബാധയെ തുടർന്ന് കാലം ചെയ്തു.

ഒരു സാമൂഹ്യ പരിഷ്കർത്താവ്

പുന്നത്ര മാർ ദീവന്നാസിയോസിനെ ഒരു സാമൂഹ്യപരിഷ്ക്കർത്താവെന്ന നിലയിൽ അപഗ്രഥിക്കുമ്പോൾ പല നിലകളിൽ അദ്ദേഹത്തിന്റെ പരിശ്രമങ്ങൾ നമുക്ക് കണ്ടെത്താൻ സാധിക്കും. അദ്ദേഹം അഭിമുഖീകരിച്ച ദശാസന്ധി നമ്മൾ കണ്ടെതാണ്: ഒരു വശത്ത് സത്യവിശ്വാസസംരക്ഷണം മറുവശത്ത് ഭരണകൂടത്തിന്റെ പിന്തുണയുള്ള മിഷണറിമാരെ പിണക്കാതെ നോക്കുക. ഈ ഇരുമുഖ പോരാട്ടത്തിന്റെ ഇടയിൽ അദ്ദേഹത്തിനു മറ്റ് പല മേഖലകളിലും പ്രവർത്തിക്കുവാൻ സാധിക്കാതെ പോയി എന്നു പറയാമെങ്കിലും അദ്ദേഹം പ്രവർത്തിച്ച നിരവധി മേഖലകൾ നമുക്ക് കണ്ടെത്താവുന്നതാണ്. അവയിൽ ചിലത് ഈ പഠനത്തിൽ പരിഗണിക്കുന്നു.

വിദ്യാലയങ്ങളുടെ സ്ഥാപനം

കേരളത്തിന്റെ സാമൂഹിക നവോത്ഥാനത്തെ പഠിക്കുന്ന ഏതൊരാൾക്കും മനസിലാകുന്നതാണ് വിദ്യാഭ്യാസരംഗത്തുണ്ടായ പുരോഗതിയാണ് കേരള സമൂഹത്തെ മാറ്റി മറിച്ചവയിൽ പ്രധാന പങ്ക് വഹിച്ചത് എന്ന വസ്തുത. ആദ്യമായി പെൺകുട്ടികൾക്ക് വിദ്യാഭ്യാസം നൽകിയത് കോട്ടയം പഴയസെമിനാരിയിലാണ്. കേരളത്തെ പ്രബുദ്ധതയിലേക്കും സുറിയാനി സമുദായത്തെ ശുദ്ധീകരണത്തിലേക്കും നയിക്കുവാൻ മിഷണറിമാരുമൊത്ത് പ്രവർത്തിച്ചതിന്റെ ഫലമായി വിദ്യാഭ്യാസരംഗത്ത് നൂതന സംരംഭങ്ങൾ ഉണ്ടായി. വനിതാ വിദ്യാഭ്യാസം ആദ്യമായി ആരംഭിച്ച പുണ്യഭൂമി എന്ന പദവി സെമിനാരിക്ക് കൈവന്നത് തിരുമേനിയുടെ ഉല്പതിഷ്ണത്വത്തിന്റെ പ്രതിഫലനമാണ്. ഒരു പെൺകുട്ടിയുടെ വിദ്യാഭ്യാസം മൂലം രണ്ട് കുടുംബങ്ങൾ നന്നാവുന്നു എന്നു തിരിച്ചറിഞ്ഞ ആ പിതാവ് അതിനായി പെൺപള്ളിക്കൂടങ്ങൾ സ്ഥാപിക്കുകയും അതിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. എത്ര സ്കൂളുകൾ അദ്ദേഹം സ്ഥാപിച്ചു എന്നതിന്റെ കണക്ക് കണ്ടെത്താനായില്ല. എന്നാൽ 1879-ൽ മലങ്കരയിലെ സ്കൂളുകളുടെ ഒരു കണക്ക് നമുക്ക് ലഭ്യമാണ്. റോബിൻ ജെഫ്രി നൽകുന്ന ആ കണക്കിൽ തോമസ് മാർ അത്താനാസിയോസിന്റെ കീഴിൽ സർക്കാർ ഗ്രാന്റ് വാങ്ങുന്ന 82 സ്കൂളുകളും പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസിന്റെ പക്ഷത്ത് 52 സ്കൂളുകളും പ്രൊട്ടസ്റ്റന്റ് കണക്കിൽ 207 സ്കൂളുകളും ഉണ്ടായിരുന്നു. അതായത് ആകെ 341 സ്കൂളുകൾ 1879-ൽ ഉണ്ടായിരുന്നു. പുന്നത്ര മാർ ദീവന്നാസിയോസിന്റെ സമയത്ത് ഈ മൂന്ന് വിഭാഗങ്ങളും ഒരുമിച്ചായിരുന്നു എന്നത് പരിഗണിച്ചാൽ കുറെ സ്കൂളുകൾ എങ്കിലും അദ്ദേഹത്തിന്റെ സമയത്ത് സ്ഥാപിച്ചതായിരിക്കാം. കണക്ക് എത്ര തന്നെയായാലും വിദ്യാഭ്യാസരംഗത്ത് പുന്നത്ര മാർ ദീവന്നാസിയോസ് സവിശേഷമായ ശ്രദ്ധ പതിപ്പിച്ചിരുന്നു എന്നത് വ്യക്തമാണ്. ആ പാതയിലാണ് അദ്ദേഹത്തിന്റെ പിൻഗാമികൾ പ്രത്യേകിച്ച് പുലിക്കോട്ടിൽ മാർ ദീവന്നാസിയോസ് അഞ്ചാമൻ മുന്നോട്ട് നീങ്ങിയതും.

സർക്കാർ ജോലിയിലെ അസന്തുലിതാവസ്ഥ പരിഹരിക്കൽ

പുന്നത്ര മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്താ കാലം ചെയ്ത് അമ്പതു

വർഷത്തോളം ആയ 1872-ൽ ദിവാൻ മാധവറാവു തിരുവിതാംകൂർ വിടുമ്പോൾ പ്രതിമാസം പത്തു മുതൽ അമ്പതു രൂപാ വരെ ശമ്പളം വാങ്ങുന്ന 880 ഗവൺമെന്റ് ഉദ്യോഗങ്ങളിൽ പത്തും അമ്പതു രൂപായിൽ കൂടുതൽ പ്രതിമാസം ശമ്പളമുള്ള 215 ഉദ്യോഗങ്ങളിൽ നാലും മാത്രമാണ് എല്ലാ വിഭാഗത്തിലുംപെട്ട ഇന്ത്യൻ ക്രിസ്ത്യാനികൾ വഹിച്ചിരുന്നത് (*നായർ മേധാവിത്തത്തിന്റെ പതനം*, റോബിൻ ജെഫ്രി, മൂന്നാം പതിപ്പ്, 2018). ആ സാഹചര്യത്തിൽ 1820-ലെ സ്ഥിതി എത്രമാത്രം പരിതാപകരമായിരിക്കാം എന്ന് നമുക്ക് അനുമാനിക്കാവുന്നതേ ഉള്ളു. ആ സാഹചര്യത്തിൽ പുന്നത്ര മാർ ദീവന്നാസിയോസ് ഇടപെടുന്നതായി പലരും രേഖപ്പെടുത്തുന്നുണ്ട്. ... സുറിയാനിക്കാരിൽ കാര്യപ്രാപ്തിയും യോഗ്യതയും ഉള്ള അനേകം ആളുകൾക്ക് സർക്കാരിൽ മുതൽപിടി - തഹസീൽ-ജഡ്ജി മുതലായ ഉദ്യോഗങ്ങൾ സായ്പ അവർകൾ മുഖാന്തിരം തിരുവിതാംകോട്ട കൊടുപ്പിച്ചു നടന്നു വരുന്നു... എന്ന് ഇട്ടൂപ്പ് രേഖപ്പെടുത്തുന്നു. കേണൽ മൺറോയുടെ പിൻബലവും ഇതിനുണ്ടായിരുന്നു എന്നാണ് ഇത് വ്യക്തമാക്കുന്നത്. മെത്രാൻ സ്ഥാനം ഏൽക്കുന്നതിനു മുമ്പ് തന്നെ പുന്നത്ര മാർ ദീവന്നാസിയോസ് ഇപ്രകാരം ശുപാർശ നൽകിയിരുന്നു എന്ന് ചിന്തിക്കുന്നതിലും തെറ്റില്ല. ചുരുക്കത്തിൽ കേണൽ മൺറോയുടെ പിൻബലത്തോടെ നസ്രാണികൾക്ക് സർക്കാർ സർവ്വീസിൽ കാര്യമായ പരിഗണനയ്ക്ക് പുന്നത്ര മാർ ദീവന്നാസിയോസ് ശ്രമിച്ചു എന്ന് വ്യക്തമായി നമുക്ക് മനസിലാക്കാം. അതൊരു സ്വജന പക്ഷവാദമായി ആരെങ്കിലും ചിന്തിച്ചാൽ അത് വിഡ്ഢിത്തമാണ്. അതിന്റെ തെളിവാണ് ഈ സംഭവത്തിനും 50 വർഷങ്ങൾ കഴിഞ്ഞ് സർക്കാർ സർവ്വീസിൽ ഉണ്ടായിരുന്ന ക്രിസ്ത്യാനികളുടെ എണ്ണം. അപ്പോൾ തീർച്ചയായും പുന്നത്ര മാർ ദീവന്നാസിയോസിന്റെ ശ്രമം സാമൂഹികനീതിയ്ക്കു വേണ്ടിയുള്ളതായിരുന്നു എന്നുറപ്പിക്കാം.

ആരാധന: മലയാളത്തിലേക്ക്

മിഷണറിമാരുടെ പ്രധാന ആവശ്യങ്ങളിൽ ഒന്ന് ആരാധനക്രമങ്ങൾ മലയാളഭാഷയിലേക്ക് തർജമ ചെയ്യുക എന്നത് ആയിരുന്നു. മിഷണറിമാരുടെ ഈ ഒരു അഭിപ്രായത്തിനു പിന്തുണ വർദ്ധിക്കുന്നു എന്ന് മനസിലാക്കിയതിനാൽ കൂടിയാകാം പുന്നത്ര മാർ ദീവന്നാസിയോസ് സുറിയാനി ആരാധനക്രമങ്ങൾ മലയാളത്തിൽ പരിഭാഷപ്പെടുത്തിയെടുക്കുന്നതിൽ വിരോധമില്ലായെന്ന നില സ്വീകരിക്കുന്നുണ്ട്. എന്നാൽ മിഷണറിമാരുടെ ഉദ്ദേശ്യം വേറെ ആയിരുന്നു. അതുകൊണ്ടാണ് *ബുക്ക് ഓഫ് കോമൺ പ്രയർ* തർജമ ചെയ്ത് അവർ ഉപയോഗിക്കുവാൻ ആരംഭിച്ചത്. കൂടാതെ മിഷണറിമാരുടെ കുടുംബത്തിന് എന്ന പേരിൽ മലയാളത്തിൽ പരസ്യാരാധനയും ആരംഭിച്ചു. ഇതോടെ ജനങ്ങളിൽ കുറച്ചുപേരെങ്കിലും മലയാള ആരാധനയെ പിൻപറ്റാം എന്ന് മെത്രാപ്പോലീത്തായും കോനാട്ട് മൽപാനും വിചാരിക്കുകയും മിഷണറിമാർക്ക് അതേ നാണയത്തിൽ തിരിച്ചടി നൽകുവാനായി നിത്യപ്രാർഥനയും കുർബാനക്രമവും സെമിനാരിയിൽ വച്ച് പരിഭാഷപ്പെടുത്തുകയും ചെയ്തു. മെത്രാപ്പോലീത്താ നേരത്തെ പറഞ്ഞ അഭിപ്രായംപോലെ തന്നെ കാർമികൻ ചൊല്ലേണ്ട ഭാഗങ്ങൾ ഒഴിവാക്കി ജനങ്ങളും പരികർമ്മിയും ചൊല്ലേണ്ട ഭാഗങ്ങളാണ് അതിൽ ഉൾക്കൊള്ളിച്ചത്. തികച്ചും വിപ്ലവകരമായ ഒരു കാൽവയ്പ് ആയിരുന്നു അത്. പിന്നെയും ഒരു നൂറ്റാണ്ടോളം ആയിക്കഴിഞ്ഞാണ് ഈ വിഷയത്തിൽ കാര്യമായ മുന്നേറ്റത്തിനു സാധിച്ചത് എന്നോർക്കുമ്പോഴാണ് ഈ ശ്രമത്തിന്റെ പ്രാധാന്യം മനസിലാകുന്നത്.

പുന്നത്ര മാർ ദീവന്നാസിയോസ് എന്ന മാർ ദീവന്നാസിയോസ് തൃതീയൻ മെത്രാപ്പോലീത്തായെ സാമൂഹികനിലയെ മുൻനിർത്തി, ഒരു സാമൂഹിക പരിഷ്ക്കർത്താവ് എന്ന നിലയിൽ വിശകലനം ചെയ്യുകയാണ് ഇവിടെ ചെയ്തത്. അദ്ദേഹത്തിന്റെ കാലത്തൊരിക്കലും ഒരു പരിധിക്കപ്പുറം മിഷണറിമാർ അധികാരപ്രയോഗത്തിനു ശ്രമിച്ചില്ല എന്നത് തന്നെ അദ്ദേഹത്തിന്റെ വിജയമാണ്. അദ്ദേഹം ഒരു നവോത്ഥാന നായകൻ തന്നെയാണ്.

❑

Compromised Spirituality in Christian Life

Major Mini Simon M, Kunnamkulam
(Joint Secretary, Malankara Orthodox Beskyomo Association)

Living a Christian life without losing its true spiritual values has become a great challenge in today's society. As members of the church, it is important that we recognize this reality. Through Holy Baptism, a believer accepts the way of Christ, yet in many situations, Christians today tend to compromise or hide their true spiritual identity. Let us reflect on what these compromises are and how we can overcome them.

In social life, many Christians give in to worldly pressures just to blend in. Practices like social drinking, visiting non-Christian temples, or neglecting fasting and prayer for the sake of worldly gain have become common. Some even deny their Christian identity to obtain job or reservation benefits. Among youth, Sundays—meant for worship—are often treated as days for entertainment and pleasure instead of spiritual renewal.

In family life, spirituality is also being compromised. Busy modern lifestyles have replaced family prayers with short or hurried personal prayers. Fasting and Lent, once practiced with devotion, are now treated as customs without inner meaning. Many families prioritize children's preferences over faith—encouraging them to perform at temple events or cultural programs that ignore the commandments of God, unknowingly breaking the First Commandment.

In personal and marital relationships too, this weakened spirituality is visible. To gain popularity or acceptance, some Christians adopt non-Christian ways, fearing that putting God first may cause them loss. Confession has, for some, become a routine rather than repentance. Instead of praying for God's will, people often try to make God agree with their wishes. Our spiritual zeal has cooled, and we must rekindle it to save the next generation from spiritual decay.

As evil spreads in society—through disobedience, addiction, and violence—the only refuge for a true Christian is prayer and meditation on the Word of God. St. John teaches, "Those born of God do not continue in sin; the evil one cannot touch them" (1 John 5:18). St. Peter reminds us that suffering for doing good is a blessing, for we are called to it. Likewise, St. James warns, "If anyone knows the good he ought to do and doesn't do it, it is sin" (James 4:17). St. Paul further cautions that if we deliberately continue to sin after knowing the truth, no sacrifice for sins is left (Hebrews 10:26).

Therefore, as heirs of God's Kingdom, we must resist conforming to this world and renew our minds to discern the will of God (Romans 12:2). The Church, through its prayers and fasting, teaches us the strength to remain steadfast in faith, as our forefathers did. We must stand firm as a royal priesthood (1 Peter 2:9), bearing good fruits for God, not being swept away by worldly trends.

Let our attitude always be, "He must increase, and I must decrease" (John 3:30). Parents, parishes, and spiritual organizations have the sacred duty to nurture true repentance and dedication through Holy Confession. When we give God the first place in our lives, He will lift us up. Strengthened by the Holy Spirit, let us live with patience in suffering, reverence for God, and respect for authority (Romans 12:12; 1 Peter 2:15–20), leading a life that pleases Him. Amen.

❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

എഫ്രാത്ത്



സിസ്റ്റർ മേരി OSM
(ബേത്‌ലഹേം ദയറ കിഴക്കമ്പലം)

ദൈവജനത്തിന്റെ പ്രയാണം രൂപപ്പെടുത്തുന്നതിൽ വിശ്വാസവും സ്വാധീനവും ചെലുത്തിയ നിരവധി ശ്രദ്ധേയരായ സ്ത്രീകളെ ബൈബിൾ നമുക്ക് പരിചയപ്പെടുത്തുന്നുണ്ട്. ഈ സ്ത്രീകളിൽ ചിലർ അറിയപ്പെടുന്നവരാണ്, മറ്റുള്ളവരെ ചുരുക്കമായി മാത്രമേ പരാമർശിച്ചിട്ടുള്ളൂ. 1 ദിനവൃത്താന്തം 2:19 ലും 50 ലും പരാമർശിച്ചിരിക്കുന്ന എഫ്രാത്താണ് അത്തരമൊരു സ്ത്രീ. അവളെക്കുറിച്ച് അധികം എഴുതിയിട്ടില്ലെങ്കിലും, അവളെ പരാമർശിക്കുന്ന ചുരുക്കം ചില വാക്യങ്ങൾ അവളുടെ സ്വഭാവത്തെയും ദൈവത്തിന്റെ പദ്ധതിയിൽ അവൾക്കുള്ള സ്ഥാനത്തെയും കുറിച്ചുള്ള പ്രധാന സത്യങ്ങൾ വെളിപ്പെടുത്തുന്നു.

ഹെസ്രോന്റെ മകനായ കാലേബിന്റെ ഭാര്യയായിരുന്നു എഫ്രാത്ത്, അവൾ ബെത്‌ലഹേമിന്റെ പൂർവ്വികനായ ഹൂരിന്റെ അമ്മയായി. ദാവീദ് രാജാവിലേക്കും പിന്നീട് യേശുക്രിസ്തുവിലേക്കും നയിച്ച തന്റെ ഉടമ്പടിയുടെ വംശം ദൈവം അവളിലൂടെ തുടർന്നു. അവളേക്കുറിച്ചുള്ള പരാമർശം ചെറുതാണെന്ന് തോന്നുമെങ്കിലും, ദൈവത്തിന്റെ വികസിച്ചുകൊണ്ടിരിക്കുന്ന പദ്ധതിയിൽ എഫ്രാത്തിന്റെ ജീവിതം വലിയ പ്രാധാന്യം വഹിച്ചുവെന്ന് ഇത് കാണിക്കുന്നു. പ്രശസ്തിയെക്കാളും അംഗീകാരത്തെക്കാളും വിശ്വസ്തതയും അനുസരണവും ദൈവം വിലമതിക്കുന്നുവെന്ന് അവളുടെ മാതൃക നമ്മെ പഠിപ്പിക്കുന്നു.

1. വിശ്വാസമുള്ള സ്ത്രീ

ദൈവത്തിലുള്ള വിശ്വാസം കുടുംബത്തിന്റെയും സമൂഹ ജീവിതത്തിന്റെയും അടിത്തറയായിരുന്ന ഒരു കാലഘട്ടത്തിലാണ് എഫ്രാത്ത് ജീവിച്ചിരുന്നത്. ദൈവത്തിന്റെ അനുഗ്രഹങ്ങൾ അവനിലുള്ള അനുസരണത്തിലൂടെയും ആശ്രയത്തിലൂടെയും ഒഴുകുന്നുവെന്ന് ഇസ്രായേൽ ജനത വിശ്വസിച്ചു.

എഫ്രാത്തിന്റെ വാക്കുകൾ ബൈബിൾ രേഖപ്പെടുത്തിയിട്ടില്ലെങ്കിലും അവളുടെ ജീവിതത്തിന്റെ ഫലങ്ങളിൽ അവളുടെ വിശ്വാസം കാണാൻ കഴിയും. അവൾ ഹൂരിന്റെ അമ്മയായി, അവളുടെ പിൻഗാമികൾ യേശുക്രിസ്തുവിന്റെ ഭാവി ജന്മസ്ഥലമായ ബെത്‌ലഹേം നിർമ്മിക്കുകയും അധിവസിപ്പിക്കുകയും ചെയ്തു (മീഖാ 5:2).

എഫ്രാത്ത് ദൈവത്തിന്റെ വാഗ്ദാനങ്ങളിൽ വിശ്വസിച്ചിരുന്നുവെന്ന് ഇത് കാണിക്കുന്നു. അവളുടെ വിശ്വാസം അവളെ ഒരു വലിയ ആത്മീയ പൈതൃകത്തിന്റെ ഭാഗമാകാൻ അനുവദിച്ചു. സാറ, റിബേക്ക, റാഹേൽ എന്നിവരെപ്പോലെ, ഒരു ഭാര്യയും അമ്മയുമെന്ന നിലയിലുള്ള അവളുടെ പങ്ക് ദൈവത്തിന്റെ ദിവ്യ പദ്ധതിയുടെ ഭാഗമാണെന്ന് അവൾ വിശ്വസിച്ചു.

എഫ്രാത്തിനോടുള്ള വിശ്വാസം വിശ്വസിക്കുന്നതിനേക്കാൾ കൂടുതലായിരുന്നു – അത് അവളുടെ കുടുംബം, വിവാഹം, കുട്ടികൾ എന്നിവയിലൂടെ ദൈവത്തെ ബഹുമാനിക്കുന്ന രീതിയിൽ ജീവിക്കുക എന്നതായിരുന്നു. എഫ്രാത്തിന്റെ വിശ്വാസം അവൾക്ക് ഹൃദയത്തിൽ തോന്നുന്നതോ സംസാരിക്കുന്നതോ മാത്രമല്ല – അവൾ എല്ലാ ദിവസവും ജീവിച്ചുകൊണ്ടിരുന്ന ഒന്നായിരുന്നു. അവളുടെ പ്രവൃത്തികൾ, തിരഞ്ഞെടുപ്പുകൾ, ബന്ധങ്ങൾ എന്നിവ അവൾ ദൈവത്തെ യഥാർത്ഥത്തിൽ വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്തുവെന്ന് കാണിച്ചു.

ഇസ്രായേലിനായുള്ള ദൈവത്തിന്റെ പദ്ധതിയിൽ വളരെ പ്രധാനപ്പെട്ട ഒരു കുടുംബത്തിന്റെ ഭാഗമായിരുന്നു എഫ്രാത്ത്. വിശ്വസ്തയായ ഒരു ഭാര്യയും അമ്മയും ആയിരിക്കുന്നതിലൂടെ, അവൾ തന്റെ കുടുംബത്തിന്റെ ആത്മീയ ദിശ രൂപപ്പെടുത്താൻ സഹായിച്ചു. അവളുടെ ഭക്തി ഭാവി തലമുറകളെ സ്വാധീനിച്ചു, ദൈവത്തിന്റെ വാഗ്ദാനങ്ങൾ പലപ്പോഴും വിശ്വസ്ത കുടുംബങ്ങളിലൂടെ തുടരുന്നുവെന്ന് കാണിക്കുന്നു.



ധൈര്യത്തിനും ദൈവത്തോടുള്ള വിശ്വസ്തതയ്ക്കും പേരുകേട്ട കാലേബിനെയാണ് എഫ്രാത്ത് വിവാഹം കഴിച്ചത്. ഭർത്താവിനെ പിന്തുണച്ചും ഒപ്പം നിന്നുകൊണ്ട്, അവൾ അവന്റെ ദൈവിക ദൗത്യത്തിൽ പങ്കുചേർന്നു. അവരുടെ വിവാഹം കൂട്ടായ പ്രവർത്തനം, പരസ്പര ബഹുമാനം, ദൈവത്തിലുള്ള പൊതുവായ വിശ്വാസം എന്നിവയെ പ്രതിഫലിപ്പിച്ചു – യഥാർത്ഥ വിശ്വാസത്തിന് ഒരു വീടിനെ ശക്തിപ്പെടുത്താൻ കഴിയുമെന്ന് ഇത് കാണിക്കുന്നു.

അവളുടെ കുട്ടികളിലൂടെയും പിൻഗാമികളിലൂടെയും, എഫ്രത്തിന്റെ വിശ്വാസം തുടർന്നും ഫലം കായ്ക്കുന്നു. അവളിൽ നിന്ന് വന്ന കുടുംബ പരമ്പരയിൽ ഇസ്രായേലിന്റെ ചരിത്രത്തിൽ പ്രധാന പങ്കു വഹിച്ച നേതാക്കളും ആളുകളും ഉൾപ്പെടുന്നു. അവളുടെ വിശ്വാസം വ്യക്തിപരമായത് മാത്രമല്ല, തലമുറതലമുറയും ആയിരുന്നുവെന്ന് ഇത് കാണിക്കുന്നു. അത് അവളുടെ ജീവിതകാലത്തിനു ശേഷവും മറ്റുള്ളവരെ അനുഗ്രഹിച്ചു.

ചുരുക്കത്തിൽ, എഫ്രത്തിന്റെ വിശ്വാസം സജീവമായിരുന്നു – വാക്കുകൾ മാത്രമല്ല, ഒരു ജീവിതരീതിയും. വിശ്വസ്തയായ ഒരു ഭാര്യ, പോറ്റുന്ന അമ്മ, ശാന്തമായ ഭക്തി ശാശ്വതമായ ഒരു പാരമ്പര്യം അവശേഷിപ്പിച്ച ഒരു സ്ത്രീ എന്നീ നിലകളിൽ അവൾ ദൈവത്തെ ബഹുമാനിച്ചു.

2. വിശ്വസ്തയും പിന്തുണയുമുള്ള ഭാര്യ

എഫ്രാത്തിന്റെ ഭർത്താവായ ഹെസ്രോന്റെ മകനായ കാലേബ്, യെഹൂദാ ഗോത്രത്തിലെ ശക്തമായ ഒരു കുടുംബ പരമ്പരയുടെ ഭാഗമായിരുന്നു. അത്തരമൊരു കുടുംബത്തിൽ, വിശ്വസ്തതയും വിശ്വസ്തതയും വളരെ

പ്രധാനമായിരുന്നു. എഫ്രാത്ത് തന്റെ ഭർത്താവിനൊപ്പം നിന്നു, അവനെ പിന്തുണയ്ക്കുകയും അവന്റെ വംശാവലി തുടരാൻ സഹായിക്കുകയും ചെയ്തു.

ബൈബിൾ പറയുന്നു, "അസൂബാ മരിച്ച ശേഷം, കാലേബ് എഫ്രാത്തിനെ പരിഗ്രഹിച്ചു, അവൾ അവന് ഹൂരിനെ പ്രസവിച്ചു" (1 ദിനവൃത്താന്തം 2:19). കാലേബിന്റെ ആദ്യ ഭാര്യയായ അസൂബാ മരിച്ചതിനുശേഷം എഫ്രാത്ത് അവന്റെ ഭാര്യയായി എന്ന് ഈ വാക്യം നമ്മോട് പറയുന്നു. മറ്റൊരു സ്ത്രീയുടെ ഓർമ്മയുമായി മത്സരിക്കുന്നതിനുപകരം, എഫ്രാത്ത് അവളുടെ പുതിയ പങ്ക് കൃപയും സമർപ്പണവും കൊണ്ട് നിറച്ചു.

ഭാര്യ എന്ന നിലയിൽ അവളുടെ വിശ്വസ്തത കാലേബിന്റെ കുടുംബം വളർന്ന് അഭിവൃദ്ധി പ്രാപിക്കുന്നത് ഉറപ്പാക്കി. അവൾ ഒരു മകനെ പ്രസവിച്ചു, അവൻ തന്റെ ജനത്തിനിടയിൽ ഒരു നേതാവായി. എഫ്രാത്തിന്റെ കുടുംബത്തിലെ പിന്തുണ ഭാവി തലമുറകളുടെ ശക്തിക്കും വിജയത്തിനും കാരണമായി എന്ന് ഇത് കാണിക്കുന്നു.

3. സ്നേഹനിധിയും സമർപ്പിതയുമായ അമ്മ

ബൈബിളിൽ മാതൃത്വം പലപ്പോഴും ഒരു പവിത്രമായ കടമയായി കാണപ്പെടുന്നു. ധൈര്യത്തിനും നേതൃത്വത്തിനും വേണ്ടി ഓർമ്മിക്കപ്പെടുന്ന ഒരു പുരുഷനായ ഹൂരിനെ വളർത്തിക്കൊണ്ടു വന്നാണ് എഫ്രാത്ത് ആ വിളിയെ സ്വീകരിച്ചത്. ബൈബിൾ അനുസരിച്ച്, ഇസ്രായേല്യരുടെ മരുഭൂമിയിലൂടെയുള്ള യാത്രയിൽ ഹൂർ മോശയ്ക്കും അഹരോനും ഒപ്പം പ്രവർത്തിച്ചു (പുറപ്പാട് 17:10–12).

1 ദിനവൃത്താന്തം 2:19, 50 അടിസ്ഥാനമാക്കി ഹൂർ എഫ്രാത്തിന്റെ മകനായിരുന്നുവെങ്കിൽ, ഒരു അമ്മ എന്ന നിലയിൽ അവളുടെ സ്വാധീനം ശ്രദ്ധേയമായിരുന്നു. ഇസ്രായേലിന്റെ യാത്രയിലെ നിർണായക നിമിഷങ്ങളിൽ മോശയ്ക്കും അഹരോനും ഒപ്പം നിന്ന വിശ്വസ്തനും ധീരനുമായ ഒരു പുരുഷനായി ബൈബിളിൽ ഹൂർ അറിയപ്പെടുന്നു. ഉദാഹരണത്തിന്, പുറപ്പാട് 17:1013-ൽ, ഇസ്രായേല്യർ അമാലേക്യരുമായി യുദ്ധം ചെയ്തപ്പോൾ, ഇസ്രായേല്യർ യുദ്ധത്തിൽ വിജയിക്കുന്നതിനായി മോശയുടെ കൈകൾ ഉയർത്തിപ്പിടിക്കാൻ ഹൂർ അഹരോനെ സഹായിച്ചു. വിശ്വാസത്തിലും വിശ്വസ്തതയിലും ആശ്രയിക്കാവുന്നതിലും ഹൂർ ശക്തനായിരുന്നുവെന്ന് ഈ പ്രവൃത്തി കാണിക്കുന്നു - അവന്റെ അമ്മ എഫ്രാത്ത് വളർത്തിയ രീതിയിൽ നിന്നാണ് ഹൂരിന് ഈ ഗുണങ്ങൾ ഉണ്ടായത്. എഫ്രാത്തിന്റെ സ്വാധീനമായിരിക്കണം ഹൂരിന്റെ സ്വഭാവം, ധൈര്യം, ദൈവത്തിലുള്ള വിശ്വാസം എന്നിവയെ രൂപപ്പെടുത്തിയത്. ഒരു അമ്മയുടെ മാർഗനിർദേശം പലപ്പോഴും അവളുടെ കുട്ടികളുടെ ആത്മീയ ജീവിതത്തിന് അടിത്തറയിടുന്നു. അവളുടെ പഠിപ്പിക്കലിലൂടെയും മാതൃകയിലൂടെയും എഫ്രാത്ത് അനുസരണം, വിശ്വാസം, ദൈവസേവനം എന്നിവയുടെ മൂല്യങ്ങൾ ഹൂരിൽ ഉൾച്ചേർന്നിരിക്കാം.

അതുകൊണ്ട്, ഒരു അമ്മ എന്ന നിലയിലുള്ള അവളുടെ പങ്ക് അവളുടെ വീടിനപ്പുറത്തേക്ക് വ്യാപിച്ചു - യുദ്ധം, പോരാട്ടം, തീരുമാനം എന്നിവയുടെ സമയങ്ങളിൽ ദൈവം തിരഞ്ഞെടുത്ത നേതാവായ മോശയുടെ അരികിൽ വിശ്വസ്തതയോടെ നിൽക്കുന്ന ഒരു പുരുഷനെ തയ്യാറാക്കാൻ അത് സഹായിച്ചു. അവളുടെ ശാന്തമായ വിശ്വാസവും പരിപോഷണ മനോഭാവവും ഇസ്രായേലിന്റെ ചരിത്രത്തിൽ ഒരു താങ്ങായി മാറിയ ഒരു മകനെ സൃഷ്ടിച്ചു.

ദിനവൃത്താന്തത്തിലെ വംശാവലി രേഖ മാത്രം പരിഗണിക്കുകയാണെങ്കിൽപ്പോലും, എഫ്രാത്തിന്റെ മാതൃത്വം ഇസ്രായേലിന്റെ ഭാവി രൂപപ്പെടുത്തുന്നതിൽ നിർണായക പങ്ക് വഹിച്ചു.

1 ദിനവൃത്താന്തം 2:19 ലും 2:50 ലും, എഫ്രാത്തിനെ കാലേബിന്റെ ഭാര്യയായും ഹൂരിന്റെ അമ്മയായും പരാമർശിച്ചിരിക്കുന്നു. അവളുടെ കഥ വിശദമായി പറഞ്ഞിട്ടില്ലെങ്കിലും, വംശാവലിയിൽ അവളുടെ സ്ഥാനം അവളുടെ പ്രാധാന്യത്തെ കാണിക്കുന്നു. അവളുടെ മകനായ ഹൂർ, ബേത്‌ലഹേമിലെ ജനങ്ങളുടെ പൂർവ്വികയായി. പിന്നീട് ദാവീദ് രാജാവിന്റെ നഗരമായി മാറിയ അതേ ബേത്‌ലഹേമാണ് ഇത്. കാലക്രമേണ, യേശുക്രിസ്തുവിന്റെ ജന്മസ്ഥലവും. അങ്ങനെ അവളുടെ മകൻ ദാവീദിന്റെ നഗരമായ ബേത്‌ലഹേമിന്റെ പൂർവ്വികനായി.

ഇതിനർത്ഥം എഫ്രാത്തിന്റെ കുടുംബപരമ്പര ദൈവത്തിന്റെ ജനത്തിനായുള്ള പദ്ധതിയുടെ കേന്ദ്രമായി മാറി എന്നാണ്. അവളുടെ പിൻഗാമികളിൽ നിന്നാണ് ഇസ്രായേലിലെ ഏറ്റവും വലിയ രാജാവായ ദാവീദ് വന്നത്, ദാവീദിന്റെ വംശത്തിലൂടെ വാഗ്ദത്ത മിശിഹായായ യേശുക്രിസ്തു ജനിച്ചു. അതിനാൽ, എഫ്രാത്ത് തന്നെ ചരിത്രത്തിൽ ഒരു ചെറിയ വ്യക്തിയായി തോന്നാമെങ്കിലും, ഒരു അമ്മ എന്ന നിലയിലുള്ള അവളുടെ പങ്കിന് ശാശ്വത പ്രാധാന്യമുണ്ടായിരുന്നു.

അവളുടെ കരുതലിലൂടെയും ഭക്തിയിലൂടെയും, ലോകരക്ഷകനെ സൃഷ്ടിക്കാനുള്ള ദൈവത്തിന്റെ പദ്ധതിയുടെ ഭാഗമായി അവൾ മാറി. ഒരു ഭാര്യയും അമ്മയും എന്ന നിലയിലുള്ള തന്റെ പങ്ക് വിശ്വസ്തതയോടെ നിറവേറ്റുന്നതിലൂടെ, ഒരു ദിവസം എല്ലാ മനുഷ്യരാശിക്കും രക്ഷ നൽകുന്ന ഒരു വംശാവലി രൂപപ്പെടുത്താൻ എഫ്രാത്ത് സഹായിച്ചു. ഒരു അമ്മ എന്ന നിലയിലുള്ള അവളുടെ സ്നേഹം, വിശ്വാസം, സ്വാധീനം എന്നിവ ദൈവത്തിന്റെ മഹത്തായ രൂപകൽപ്പനയുടെ ഭാഗമായിരുന്നു. അസാധാരണമായ ഫലങ്ങൾ കൈവരിക്കാൻ ദൈവം പലപ്പോഴും സാധാരണക്കാരുടെ നിശബ്ദ വിശ്വസ്തതയിലൂടെ പ്രവർത്തിക്കുന്നുവെന്ന് അവൾ നമ്മെ ഓർമ്മിപ്പിക്കുന്നു.

ചരിത്രത്തിൽ അവളുടെ പേര് ചുരുക്കമായി മാത്രമേ പരാമർശിച്ചിട്ടുള്ളൂവെങ്കിൽപ്പോലും ഒരു അമ്മയുടെ സ്നേഹത്തിനും മാർഗനിർദേശത്തിനും തലമുറകളെ രൂപപ്പെടുത്താൻ കഴിയുമെന്ന് എഫ്രാത്തിന്റെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നു.

4. ഒരു പാരമ്പര്യ സ്ത്രീ

എഫ്രാത്തിനെ രണ്ട് വാക്യങ്ങളിൽ മാത്രമേ പരാമർശിച്ചിട്ടുള്ളൂവെങ്കിലും, അവളുടെ പാരമ്പര്യം ശ്രദ്ധേയമാണ്. 1 ദിനവൃത്താന്തം 2:50 അവളെ പരോക്ഷമായി പരാമർശിക്കുന്നു: "ഇവരത്രേ കാലേബിന്റെ പുത്രന്മാർ. എഫ്രാത്തിന്റെ ആദ്യജാതനായ ഹൂരിന്റെ മകൻ: കിര്യത്ത്-യെയാരീമിന്റെ അപ്പനായ ശോബാൽ."

എഫ്രാത്തിന്റെ കുടുംബപരമ്പര നേതാക്കളെയും നിർമ്മാതാക്കളെയും സൃഷ്ടിച്ചുവെന്ന് ഇത് കാണിക്കുന്നു. അവളുടെ പിൻഗാമികൾ നഗരങ്ങൾ സ്ഥാപിക്കുകയും വിശ്വാസത്തിന്റെ പൈതൃകം നിലനിർത്തുകയും ചെയ്തു. എഫ്രാത്ത് എന്ന പേര് പിന്നീട് ദാവീദ് രാജാവിന്റെയും യേശുക്രിസ്തുവിന്റെയും ജന്മനാടായ ബേത്‌ലഹേം എഫ്രാത്തയുമായി ബന്ധപ്പെട്ടു.

ഈ ബന്ധം എഫ്രാത്തിന് ബൈബിളിലെ രക്ഷാകര പദ്ധതിയിൽ ഒരു പ്രത്യേക സ്ഥാനം നൽകുന്നു. അവൾ ഒരു ഭാര്യയും അമ്മയും മാത്രമല്ല - അവൾ രാജാക്കന്മാരുടെ പൂർവ്വികയും ആത്യന്തികമായി മിശിഹായുടെ പൂർവ്വികയുമായിരുന്നു.

എഫ്രാത്തിന്റെ പേര് ബൈബിളിൽ വളരെ കുറച്ച് തവണ മാത്രമേ പ്രത്യക്ഷപ്പെടുന്നുള്ളൂ, എന്നിട്ടും അവളുടെ സ്വാധീനം ദൂരവ്യാപകമായിരുന്നു. അവൾ വലിയ അത്ഭുതങ്ങൾ ചെയ്യുകയോ ഒരു ജനതയെ നയിക്കുകയോ ചെയ്തില്ലെങ്കിലും, അവളുടെ വീട്ടിലും കുടുംബത്തിലും അവൾ പുലർത്തിയ വിശ്വസ്തത ദൈവത്തിന്റെ വലിയ രക്ഷാകര പദ്ധതിയുടെ ഭാഗമായി. അവളുടെ വംശാവലിയിൽ ബേത്‌ലഹേം വന്നു - ദാവീദ് രാജാവ് ജനിച്ചതും പിന്നീട് ലോകരക്ഷകനായ യേശുക്രിസ്തു ജനിച്ചതുമായ നഗരം. സാധാരണ വേഷങ്ങളിൽ നിശബ്ദമായും വിശ്വസ്തതയോടെയും സേവിക്കുന്ന ആളുകളെ ദൈവം അവഗണിക്കുന്നില്ലെന്ന് ഇത് കാണിക്കുന്നു. എഫ്രാത്തിനെപ്പോലുള്ള ഒരു എളിമയുള്ള അമ്മയെപ്പോലും ചരിത്രം രൂപപ്പെടുത്താൻ ദൈവം ഉപയോഗിച്ചു.

എഫ്രാത്തിന്റെ അനുസരണ ജീവിതം ഉച്ചത്തിലോ പരസ്യമായോ ആയിരുന്നില്ല, മറിച്ച് അത് ശക്തമായിരുന്നു. തന്റെ മകൻ ഹൂരിനെ സ്നേഹപൂർവ്വം വളർത്തി ഭർത്താവ് കാലേബിനെ പിന്തുണച്ചുകൊണ്ട്, വിശ്വാസത്തിലും ശക്തിയിലും വേരൂന്നിയ ഒരു കുടുംബം കെട്ടിപ്പടുക്കാൻ അവൾ സഹായിച്ചു. കുടുംബത്തോടുള്ള അവളുടെ ഭക്തി, ദൈവത്തെ സേവിക്കുന്ന തലമുറകൾക്ക് വഴിയൊരുക്കി - അത് ഒടുവിൽ ദാവീദിന്റെ രാജകീയ വംശപരമ്പരയിലേക്കും മിശിഹായുടെ വരവിലേക്കും നയിച്ചു. ഈ രീതിയിൽ, അവളുടെ നിശബ്ദ വിശ്വസ്തത ദൈവത്തിന്റെ നിത്യ വീണ്ടെടുപ്പിനുള്ള പദ്ധതിക്ക് അടിത്തറയിട്ടു.

5. എഫ്രാത്തിന്റെ ജീവിതം നൽകുന്ന പാഠങ്ങൾ

ബൈബിളിൽ ചുരുക്കമായി മാത്രമേ പരാമർശിച്ചിട്ടുള്ളൂവെങ്കിലും,

എഫ്രാത്തിന്റെ ജീവിതം ഇന്ന് നമുക്ക് അർത്ഥവത്തായ നിരവധി പാഠങ്ങൾ ഉൾക്കൊള്ളുന്നു. കുറച്ച് തവണ മാത്രം പേര് പ്രത്യക്ഷപ്പെടുന്ന ഒരാൾക്ക് പോലും വിശ്വാസം, കുടുംബം, ഉദ്ദേശ്യം എന്നിവയെക്കുറിച്ചുള്ള ശക്തമായ സത്യങ്ങൾ പഠിപ്പിക്കാൻ കഴിയുമെന്ന് അവളുടെ ജീവിതം കാണിക്കുന്നു.

സാധാരണ ജീവിതത്തിലെ വിശ്വസ്തത ദൈവത്തിന് വിലപ്പെട്ടതാണ്. ദൈവദൃഷ്ടിയിൽ പ്രാധാന്യമുള്ളതായിരിക്കാൻ നാം പ്രശസ്തരാകുകയോ ഒരു പ്രധാന സ്ഥാനം വഹിക്കുകയോ ചെയ്യേണ്ടതില്ല എന്നാണ് എഫ്രാത്തിന്റെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നത്. ദൈനംദിന ജീവിതത്തിലും ഉത്തരവാദിത്തങ്ങളിലും അവളുടെ ശാന്തമായ വിശ്വസ്തത ദൈവത്തിന് വിലപ്പെട്ടതായിരുന്നു. അവൾ ഒരു സാധാരണ ജീവിതം നയിച്ചിരുന്നെങ്കിലും, അവളുടെ ഭക്തി ഒരു ശാശ്വതമായ വ്യത്യാസം വരുത്തി. ദൈവത്തിനുവേണ്ടി ആത്മാർത്ഥമായി ചെയ്യുമ്പോൾ വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും ഓരോ ചെറിയ പ്രവൃത്തിയും കണക്കിലെടുക്കുമെന്ന് ഇത് നമ്മെ പഠിപ്പിക്കുന്നു.

ദൈവം കുടുംബങ്ങളിലൂടെയും തലമുറകളിലൂടെയും പ്രവർത്തിക്കുന്നു. കാലേബിന്റെ ഭാര്യയായും ഹൂരിന്റെ അമ്മയായും എഫ്രാത്തിന്റെ പങ്ക്, ദൈവത്തിന്റെ അനുഗ്രഹങ്ങൾ പലപ്പോഴും വിശ്വസ്ത കുടുംബങ്ങളിലൂടെ എങ്ങനെ ഒഴുകുന്നുവെന്ന് കാണിക്കുന്നു. അവളുടെ സ്വാധീനം അവളുടെ സ്വന്തം ജീവിതത്തിൽ അവസാനിച്ചില്ല; അത് അവളുടെ പിൻഗാമികളിലൂടെ തുടർന്നു. അവളിൽ ആരംഭിച്ച കുടുംബപരമ്പര ഇസ്രായേലിന്റെ വളർച്ചയുടെയും തന്റെ ജനത്തോടുള്ള ദൈവത്തിന്റെ വാഗ്ദാനങ്ങളുടെയും ഭാഗമായി.

ദൈവത്തിന്റെ പദ്ധതിയിൽ ഓരോ വ്യക്തിക്കും ഒരു ലക്ഷ്യമുണ്ട്. ബൈബിളിൽ എഫ്രാത്തയെക്കുറിച്ച് കുറച്ച് മാത്രമേ പരാമർശിക്കുന്നുള്ളൂവെങ്കിലും, അവളുടെ ജീവിതം ദൈവത്തിന്റെ മഹത്തായ രൂപകൽപ്പനയുടെ ഭാഗമായിരുന്നു. അവൾ വിശ്വസ്തതയോടെ തന്റെ പങ്ക് നിർവഹിച്ചു, ഭാവി തലമുറകൾക്കായുള്ള ദൈവത്തിന്റെ പദ്ധതി അവളിലൂടെ വെളിപ്പെട്ടു. ഒരു ജീവിതവും ദൈവത്തിന് അവന്റെ ഉദ്ദേശ്യത്തിനായി ഉപയോഗിക്കാൻ കഴിയാത്തത്ര ചെറുതോ മറഞ്ഞതോ അല്ലെന്ന് ഇത് നമ്മെ ഓർമ്മിപ്പിക്കുന്നു.

യഥാർത്ഥ മഹത്വം അംഗീകാരത്തിൽ നിന്നല്ല, അനുസരണത്തിൽ നിന്നാണ് വരുന്നത്

എഫ്രാത്തിന്റെ മഹത്വം പ്രശസ്തിയിൽ നിന്നോ സമ്പത്തിൽ നിന്നല്ല, മറിച്ച് ദൈവഹിതത്തിലുള്ള അവളുടെ അനുസരണത്തിൽ നിന്നും വിശ്വാസത്തിൽ നിന്നുമാണ് വന്നത്. അവൾ താഴ്മയോടെയും വിശ്വാസത്തോടെയും തന്റെ പങ്ക് സ്വീകരിച്ചു, ദൈവത്തെ തന്റെ ജീവിതത്തിൽ നിശബ്ദമായി പ്രവർത്തിക്കാൻ അനുവദിച്ചു. യഥാർത്ഥ മഹത്വം മനുഷ്യ സ്തുതിയിലല്ല, മറിച്ച് ദൈവത്തോടൊപ്പം വിശ്വസ്തതയോടെ നടക്കുന്നതിലാണ് കാണപ്പെടുന്നതെന്ന് അവളുടെ ജീവിതം പഠിപ്പിക്കുന്നു.

എഫ്രത്തിന്റെ മാതൃകയിൽ നിന്ന്, ദൈവം വിശ്വാസം, വിശ്വസ്തത, ശാന്തമായ ശക്തി എന്നിവയെ വിലമതിക്കുന്നുവെന്ന് നാം മനസ്സിലാക്കുന്നു.

വിശ്വാസത്തിലും സ്നേഹത്തിലും ആരംഭിക്കുന്ന ഒരു ദൈവിക പൈതൃകത്തെ മുറുകെപ്പിടിച്ചു.

തന്റെ വിശ്വാസത്തിലൂടെയും സ്നേഹത്തിലൂടെയും, എഫ്രാത്ത് തന്റെ മകൻ ഹൂരിലൂടെയും അവന്റെ പിൻഗാമികളിലൂടെയും തുടരുന്ന ഒരു ദൈവിക പാരമ്പര്യം അവശേഷിപ്പിച്ചു. നാം ജീവിക്കുന്ന മൂല്യങ്ങൾക്ക് ഭാവി തലമുറകളെ അനുഗ്രഹിക്കാൻ കഴിയുമെന്ന് അവളുടെ ഉദാഹരണം കാണിക്കുന്നു. വിശ്വാസം, സ്നേഹം, ദൈവത്തോടുള്ള അനുസരണം എന്നിവയിൽ അധിഷ്ഠിതമായ ഒരു ജീവിതത്തിന് ഭൂമിയിലെ നമ്മുടെ കാലത്തിനപ്പുറം നിലനിൽക്കുന്ന ഒരു സ്വാധീനം അവശേഷിപ്പിക്കാൻ കഴിയും.

ചുരുക്കത്തിൽ, ദൈവത്തെ ബഹുമാനിക്കുന്നതിനും ഭാവി തലമുറകളെ രൂപപ്പെടുത്തുന്നതിനുമുള്ള ശക്തമായ മാർഗങ്ങളാണ് കുടുംബത്തിനുള്ളിലെ വിശ്വസ്തത, അനുസരണം, സ്നേഹം എന്നിവയെന്ന് എഫ്രാത്തിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നു.

കാലേബിന്റെ ഭാര്യയും ഹൂരിന്റെ അമ്മയുമായ എഫ്രാത്ത് ബൈബിളിലെ പ്രശസ്തയായ സ്ത്രീകളിൽ ഒരാളായിരുന്നില്ല, പക്ഷേ അവളുടെ ജീവിതത്തിന് ആഴത്തിലുള്ള അർത്ഥമുണ്ട്. അവളുടെ വിശ്വാസം, സ്നേഹം, ഭക്തി എന്നിവയിലൂടെ, ഇസ്രായേൽ ജനതയെ കെട്ടിപ്പടുക്കുന്നതിനും യേശുക്രിസ്തുവിന്റെ വരവിനായി വഴിയൊരുക്കുന്നതിനുമുള്ള ദൈവത്തിന്റെ പദ്ധതിയുടെ ഭാഗമായി അവൾ മാറി.

വിശ്വസ്തതയുടെ ഓരോ പ്രവൃത്തിയും ചെറുതായി തോന്നിയാലും അത് പ്രധാനമാണെന്ന് അവളുടെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നു. ഭാര്യ എന്ന നിലയിൽ അവൾ ശക്തിയും അമ്മ എന്ന നിലയിൽ സ്നേഹവും ഒരു വിശ്വാസി എന്ന നിലയിൽ ലക്ഷ്യവും കാണിച്ചു. അവളുടെ പിൻഗാമികൾ ചരിത്രത്തെ രൂപപ്പെടുത്തി, ദാവീദിന്റെ നഗരവും ക്രിസ്തുവിന്റെ ജന്മസ്ഥലവുമായ ബെത്ലഹേം എഫ്രാത്തയിലൂടെ അവളുടെ പേര് നിലനിൽക്കുന്നു.

എഫ്രത്തിന്റെ മാതൃകയിൽ നിന്ന്, ദൈവം വിശ്വാസം, വിശ്വസ്തത, ശാന്തമായ ശക്തി എന്നിവയെ വിലമതിക്കുന്നുവെന്ന് നാം മനസ്സിലാക്കുന്നു. ഓരോ വ്യക്തിക്കും, അവരുടെ പങ്ക് എത്ര ചെറുതാണെന്ന് തോന്നിയാലും, ദൈവത്തിന്റെ മഹത്തായ പദ്ധതിയിൽ ഒരു സ്ഥാനമുണ്ട്. എഫ്രാത്തിന്റെ ജീവിതം നമ്മെ വിശ്വസ്തതയോടെ ജീവിക്കാനും, ആഴത്തിൽ സ്നേഹിക്കാനും, നമ്മുടെ അനുസരണം വരും തലമുറകൾക്ക് ദൈവത്തെ ബഹുമാനിക്കുന്ന ഒരു പാരമ്പര്യം അവശേഷിപ്പിക്കുമെന്ന് വിശ്വസിക്കാനും പ്രോത്സാഹിപ്പിക്കുന്നു.



വേദരത്ന പുരസ്കാരം കെ. ജി. മർക്കോസിന്

അടൂർ: മലങ്കര ഓർത്തഡോക്സ് സഭാ സുന്നഹദോസ് വേദരത്നമായി പ്രഖ്യാപിച്ച കായംകുളം ഫിലിപ്പോസ് റമ്പാന്റെ സ്മരണാർത്ഥം അടൂർ കണ്ണങ്കോട് സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ ഏർപ്പെടുത്തിയ വേദരത്ന പുരസ്കാരം (25,001 രൂപ) ചലച്ചിത്ര പിന്നണി ഗായകൻ കെ. ജി. മർക്കോസിന് നൽകും.

ഫിലിപ്പോസ് റമ്പാന്റെ 213-ാമത് ഓർമപ്പെരുന്നാളിനോട നുബന്ധിച്ച് 12-നു കത്തീഡ്രലിൽ നടക്കുന്ന സമ്മേളനത്തിൽ അടൂർ-കടമ്പനാട് ഭദ്രാസന മെത്രാപ്പോലീത്താ ഡോ. സഖറിയാസ് മാർ അപ്രേം പുരസ്കാരം സമർപ്പിക്കുമെന്ന് ഇടവക വികാരി ഫാ. ഫിലിപ്പോസ് ഡാനിയേൽ, സഹ വികാരി ഫാ. ജുബിൻരാജ്, പുരസ്കാര കമ്മിറ്റി കൺവീനർ പ്രഫ. ഡി. കെ. ജോൺ എന്നിവർ അറിയിച്ചു.



ഫാ. ഡോ. കെ. എം ജോർജ് എഴുതിയ 'ലാവണ്യദർശനം: ഒരു വേദശാസ്ത്ര വീക്ഷണം' എന്ന പുസ്തകം ഡോ. ഐസക് മാർ പീലക്സിനോസ് പ്രകാശനം ചെയ്തു. ക്രൈസ്തവ സാഹിത്യ സമിതിയാണ് പ്രസാധകർ.

വചനതീർത്ഥം



ഹൂദോസ് ഈത്തോ

(യോഹന്നാൻ 10:22-42)

ഫാ. ബ്രിൻസ് അലക്സ് മാത്യൂസ്
(ഓർത്തഡോക്സ് സെമിനാരി, കോട്ടയം)

സഭയുടെ ആരാധനാ വർഷത്തിലെ രണ്ടാമത്തെ ഞായറാഴ്ച ഹൂദോസ് ഈത്തോ - സഭയുടെ പ്രതിഷ്ഠയുടെ ഞായറാഴ്ചയാണ്. ഇന്നത്തെ വേദഭാഗം ആരംഭിക്കുന്നത് തന്നെ "അത് ഇസ്രായേലിൽ പ്രതിഷ്ഠോത്സവം ആയിരുന്നു" എന്ന് പറഞ്ഞു കൊണ്ടാണ്. പുറപ്പാട് 40-ൽ സമാഗമന കൂടാരത്തിന്റെ പ്രതിഷ്ഠയെ കുറിച്ചും 1 രാജാക്കന്മാർ 8-ലും 2 ദിനവൃത്താന്തം 5-ലും യെരുശലേം ദേവാലയത്തിന്റെ പ്രതിഷ്ഠയെ പറ്റിയും നാം വായിക്കുന്നുണ്ട്.

എന്നാൽ ഈ വേദഭാഗത്ത് പ്രതിപാദിക്കുന്ന പ്രതിഷ്ഠോത്സവത്തിന് മറ്റൊരു ചരിത്ര പശ്ചാത്തലം ഉണ്ട്. ബി. സി 170 ൽ അന്ത്യോഖ്യസ് എപ്പിഫാനസ് എന്ന വിജാതീയ രാജാവ് യഹൂദ ദേശം ആക്രമിക്കുകയും യാതൊരു ദാക്ഷിണ്യവും ഇല്ലാതെ അവിടെയുള്ള ജനങ്ങളെ ആക്രമിച്ച് കീഴ്പ്പെടുത്തുകയും ചെയ്തു. അതിന്റെ ഭാഗമായി യരുശലേം ദേവാലയം പിടിച്ചെടുക്കുകയും വിജാതീയ ആരാധന അർപ്പിക്കുന്ന ഇടമായി അതിനെ പരിവർത്തനപ്പെടുത്തുകയും ചെയ്തു. എല്ലാ തരത്തിലുമുള്ള അധാർമ്മികതയും ദേവാലയത്തിൽ നടമാടി. മ്ലേച്ഛമായ വസ്തുക്കൾ ദേവാലയത്തിൽ കൊണ്ടു വന്ന് ബലി കഴിച്ചു. അങ്ങനെ വിശുദ്ധമായി കണ്ടിരുന്ന ദേവാലയവും ദേവാലയ പരിസരങ്ങളും അശുദ്ധിയുടെ ഇടമായി മാറി. ഇങ്ങനെ തകർച്ചയുടെ മധ്യത്തിൽ യിസ്രായേലിന്റെ വിമോചനത്തിനായി ദൈവത്താൽ നിയോഗിക്കപ്പെട്ട ഒരു വ്യക്തിത്വം ആയിരുന്നു മത്തഥ്യാസ് എന്ന പുരോഹിതനും അയാളുടെ മക്കളും. യൂദാ മക്കാബിയർ എന്ന പേരുള്ള സീമന്ത പുത്രന്റെ നേതൃത്വത്തിൽ ദീർഘകാലത്തെ പരിശ്രമത്തിനുശേഷം അന്ത്യോഖ്യസ് എപ്പിഫാനസിനെ പരാജയപ്പെടുത്തുകയും യരൂശലേം തിരികെ പിടിക്കുകയും ചെയ്യുന്നു. യുദ്ധത്തിൽ വിജയിച്ചു എങ്കിലും ദേവാലയത്തിന്റെ അവസ്ഥയ്ക്കു വലിയ മാറ്റം ഉണ്ടായില്ല.

ഇതിനായി യൂദാ മക്കാബിയരും മറ്റു പുരോഹിതരും ഒക്കെ ചേർന്ന് പരിശ്രമിച്ചു. ഏതാണ്ട് മൂന്നുവർഷത്തിനുശേഷം പുതിയ ഒരു ബലിപീഠം അവിടെ പ്രതിഷ്ഠിക്കപ്പെടുകയും ആരാധന തിരികെ കൊണ്ടുവരുകയും ചെയ്തു. തങ്ങളുടെ മേൽ പതിച്ചിരുന്ന നാണക്കേ ടിൽ നിന്നുള്ള വിമോചനത്തിന്റെ ദിനം അവർ വലിയ ആഘോഷമായി കൊണ്ടാടി. അന്നുമുതൽ ഈ വിമോചനത്തിന്റെ പെരുന്നാൾ ഹനൂഖ പെരുനാൾ എന്ന പേരിൽ അവർ ആചരിച്ചു പോരുന്നു. എട്ടു ദിവസം നീണ്ടുനിന്നിരുന്ന ഒരു ആഘോഷമായിരുന്നു അത്. വെളിച്ചത്തിന്റെ ഉത്സവം എന്ന പേരിലും ഇത് അറിയപ്പെട്ടിരുന്നു. ഈ പെരുന്നാളാണ് ഇന്നത്തെ വേദഭാഗത്തിന്റെ പശ്ചാത്തലം.

സഭാ ജീവിതത്തിന്റെ പുതുക്കത്തിന്റെയും പുനപ്രതിഷ്ഠയുടെയും അവസരമായി ഹൂദോസ് ഈത്തോയെ നമുക്ക് കണക്കാക്കാം.

1. അനിവാര്യമായ വിമോചനത്തെ തിരിച്ചറിയണം

ഇസ്രായേലിന്റെ ചരിത്രത്തിലെ സന്നിഗ്ധമായ ഒരു ഘട്ടത്തിലാണ് മനുഷ്യാവതാരം സംഭവിക്കുന്നത്. ഭൗതികമായ വലിയ അടിമത്തങ്ങളും അധീശത്വങ്ങളും അക്കാലത്ത് ഉണ്ടായിരുന്നു. എന്നാൽ അതിലുപരിയായി ആത്മീയമായ പല ചങ്ങലക്കെട്ടുകളുടെയും മധ്യത്തിലാണ് ദൈവത്തിന്റെ സ്വന്തം ജനം ഉണ്ടായിരുന്നത്. മതത്തിനുള്ളിലെ അന്ത:ച്ഛിദ്രങ്ങളും അധാർമ്മികതകളും ഉച്ചനീചത്വങ്ങളും ഒക്കെ യഥാർത്ഥ ദൈവാനുഭവത്തിൽ നിന്ന് അവരെ അകറ്റി കളഞ്ഞു. വേദഭാഗം ആരംഭിക്കുന്നത് അത് ശീതകാലമായിരുന്നു എന്ന് പറഞ്ഞുകൊണ്ട് കൂടെയാണ്. യഥാർത്ഥത്തിൽ ഇസ്രായേലിന്റെ ആത്മീയ കാലാവസ്ഥയുടെ ഒരു വലിയ സൂചനയും കൂടിയാണത്.

ഇത്തരത്തിലുള്ള എല്ലാ ബന്ധങ്ങളുടെയും വിമോചകനായി മനുഷ്യാവതാരം ചെയ്ത ക്രിസ്തു അപ്പോൾ ശലോമോന്റെ മണ്ഡപത്തിൽ നടക്കുന്നുണ്ടായിരുന്നു താനും. വിമോചനത്തിന് എല്ലാ സാധ്യതയുമുള്ള കാലത്തും കൂടെയുള്ള വിമോചകനെ തിരിച്ചറിയുവാൻ സാധിക്കാതെ ആ ജനം അപ്പോഴും ചോദ്യം ചെയ്തുകൊണ്ടിരിക്കുകയാണ്. തങ്ങൾ ആയിരിക്കുന്ന അവസ്ഥയിൽ നിന്നും മാറുവാനുള്ള വൈമുഖ്യവും തങ്ങളുടെ അജ്ഞതയും കർത്താവിനെ അംഗീകരിക്കുവാനുള്ള താല്പര്യക്കുറവുമൊക്കെ ഈ വിമോചനത്തിന് തടസ്സമായി നിൽക്കുകയാണ്.

ആധുനിക സഭാ ജീവിതത്തിലും ഇന്ന് സാധ്യമാകേണ്ടത് ഇത്തരം വിമോചനങ്ങളാണ് വിശുദ്ധ മാമോദിസ ഏറ്റ് സഭയോട് ചേർക്കപ്പെട്ട ക്രിസ്ത്യാനികൾ ആണ് നാം എന്നതുകൊണ്ട് നമ്മുടെ ഉത്തരവാദിത്വങ്ങൾ പൂർണമാകുന്നില്ല. അധികാര ദുർവിനിയോഗവും സാമ്പത്തികമായ ഉച്ചനീചത്വങ്ങളും അസ്സന്മാർഗികമായ ജീവിതരീതികളും തുടങ്ങി ഏറെ ബന്ധനങ്ങൾ നമ്മുടെ സഭാ ജീവിതത്തിലും ഉണ്ട്. ആ വിമോചനം സാധ്യമാകാതെ സഭയുടെ പുനപ്രതിഷ്ഠയും സാധ്യമാകില്ല. ആ വിമോചനത്തിന്റെ ഏറ്റവും നല്ല കാരണം നമ്മിലുള്ള ക്രിസ്തു അനുഭവം തന്നെയാണ്. എന്നാൽ ഇപ്പോഴും "നീ പറയുക! നീയാണോ ഞങ്ങളെ വിമോചിപ്പിക്കുവാൻ വന്നവൻ" എന്ന ചോദ്യം മാത്രം ഉയർത്തിക്കൊണ്ട് നാം മറുതലിച്ചു നിൽക്കുന്ന ഒരു സമൂഹമായി മാറാറുണ്ട്.

2. ശിഷ്യത്വത്തിലെ യഥാസ്ഥാനപ്പെടൽ നേടിയെടുക്കണം

പ്രതിഷ്ഠയിലേക്ക് നടന്നടുക്കുന്ന ഒരു സമൂഹം അവർ ആയിരിക്കുന്ന ബന്ധനങ്ങളിൽ നിന്നുള്ള വിമോചനത്തോടൊപ്പം നേടിയെടുക്കേണ്ട മറ്റൊന്നാണ് അവരുടെ യഥാസ്ഥാനപ്പെടൽ എന്നത്. കർത്താവ് തന്നെ വളഞ്ഞ യഹൂദന്മാരോട് പറയുന്ന മറുപടി വളരെ പ്രസക്തമാണ്. നിങ്ങൾ എന്റെ വാക്കുകൾ ഒക്കെ കേട്ടവരാകാം. എന്നാൽ നിങ്ങളുടെ സ്ഥാനം എൻറെ ആട്ടിൻ കൂട്ടത്തിലല്ല. നിങ്ങളുടെ സ്ഥാനത്തെ കൃത്യമായി അടയാളപ്പെടുത്തുവാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടില്ല എന്നുള്ളതാണ് കർത്താവ് മുൻപോട്ട് വയ്ക്കുന്ന ആശയം.


കർത്താവിന്റെ ആട്ടിൻപറ്റവും ആട്ടിൻപറ്റത്തിന് പുറത്തുള്ളവരും എന്ന ദ്വന്ദം സുവിശേഷം ആവർത്തിച്ച് അടിവരയിടുന്ന ഒന്നാണ്. ഒരു ഇടയനും ആടുകളും എന്ന സങ്കൽപ്പത്തിന് സഭാജീവിതത്തിൽ ഏറെ പ്രാധാന്യമുണ്ട്. പകലിന്റെ എല്ലാ പരിശ്രമങ്ങൾക്കും അവസാനം ആടുകൾ എപ്പോഴും ഇടയനോടൊപ്പം ആണ്. വളരെ വ്യക്തിപരമായ ഒരു ബന്ധത്തിലാണ് ഇടയനും ആടുകളും ഉണ്ടാവുക. എന്നാൽ ഈ ആട്ടിൻപറ്റത്തിൽ അവരവരെ തന്നെ പ്രതിഷ്ഠിക്കുവാൻ കഴിയാത്തവർ എപ്പോഴും ഈ ബന്ധത്തിന് പുറത്തുമാണ്. 6 കാര്യങ്ങളാണ് ഈ ആട്ടിൻപറ്റത്തിൽ യഥാസ്ഥാനപ്പെടുന്ന അനുഭവത്തെക്കുറിച്ച് കർത്താവ് ഈ വേദഭാഗത്ത് അടിവരയിടുന്നത്

1) എന്റെ ആടുകൾ എന്റെ ശബ്ദം കേൾക്കുന്നു. 2) ഞാൻ അവയെ അറികയും അവ എന്നെ അനുഗമിക്കയും ചെയ്യുന്നു. 3) ഞാൻ അവെക്കു നിത്യജീവൻ കൊടുക്കുന്നു 4) അവ ഒരുനാളും നശിച്ചു പോകയില്ല 5) ആരും അവയെ എന്റെ കയ്യിൽ നിന്നു പിടിച്ചുപറിക്കയും ഇല്ല 6) അവയെ തന്നിരിക്കുന്ന എന്റെ പിതാവു എല്ലാവരിലും വലിയവൻ; പിതാവിന്റെ കയ്യിൽ നിന്നു പിടിച്ചുപറിപ്പാൻ ആർക്കും കഴികയില്ല.

ധൂർത്തനായ പുത്രന്റെ ഉപമയിൽ സ്ഥാന ചലനം സംഭവിച്ചു പോയ മകൻ പിതാവിന്റെ സ്നേഹവലയത്തിലേക്ക് യഥാസ്ഥാനപ്പെടുന്നത് പോലെ സഭാ ജീവിതത്തിലും യഥാസ്ഥാനപ്പെടുവാൻ നമുക്ക് കഴിയണം. ശുദ്ധീകരിക്കപ്പെട്ട് പ്രതിഷ്ഠിക്കപ്പെടുന്ന സഭയിൽ നിന്ന് ക്രിസ്തു ആഗ്രഹിക്കുന്നത് ഈ യഥാസ്ഥാനപ്പെടലാണ്.

❑

Church Calendar



Let us dedicate ourselves unto Jesus Christ, The Good Shepherd

Hudosh-Eetho (St. John 10: 22-42)

Philipose Ramban
(Jyothis Ashram, Abu Road, Rajasthan)

As we know that the liturgical year of the Holy Church is divided into seven seasons. Among them, the Hudosh Eetho Sunday falls as the second Sunday of the Season of Annunciation. This Sunday also marks the Feast of the Dedication of the Church. In Jewish tradition, this feast is known as Hanukkah, an eight-day celebration that occurs roughly three months after the Feast of Booths (Sukkot). Hanukkah is also called the Festival of Lights, and the season is therefore recognized as a season of light. During this time, Jewish families light up their homes, symbolizing their return to their homeland and the restoration of their freedom.

In169 BC, the Syrian king Antiochus Epiphanes conquered the city of Jerusalem and desecrated the Holy Temple. A pig, which was forbidden in Jewish law, was sacrificed on the altar, and an idol of the Greek god Zeus was installed for worship within the temple. However, by 165 BC, under the leadership of Judas Maccabeus, the Jewish people rose in revolt, recaptured Jerusalem and the temple reinstated, reconsecrated, and rededicated it to the Lord. This became one of the most joyous moments in Jewish history.

In remembrance of this great event, their return, the restoration of worship, and the rededication of the temple, the Jewish people celebrate the Feast of Hanukkah every year.

In light of this, the Holy Church also commemorates the Feast of Dedication, known as Hudosh Eetho, celebrated on the second Sunday of the Season of Annunciation.

Just as the Jerusalem Temple (the centre of Jewish worship) was restored and sanctified, every believer is called to consecrate and rededicate their own body as a temple of Christ. This feast is a moment of spiritual renewal and dedication, a time to let Christ be enthroned anew in the temples of our lives. This is the significance of Hudosh Eetho Sunday.

Hudos Eetho: The Day of Dedication

In the liturgical life of the Holy Church, a believer, who is sanctified through Holy Baptism and anointment with Holy Myron (Chrism), is consecrated through the experience of the Holy Qurbana. For a believer, every confession is a purification, and every experience of the Qurbana is a reconsecration. Purification and consecration are spiritually connected. This is what happens in the life of the Holy Qurbana as well. The acts of purification and consecration are the things that take place during every Holy Qurbana.

Christian life is a sacramental life. Therefore, the first two weeks of the liturgical year are specially set apart for purification (Kudosh Etho) and dedication (Hudhosh Etho).

Moses, after sanctifying the people according to the command of Yahweh, went up Mount Sinai to receive the commandments. When his return was delayed, the people pressed Aaron to make for them a golden calf, and they



fell into worshipping it. On coming down the mountain and witnessing this act of disobedience against the very first commandment, Moses punished those who had sinned and destroyed the idol. He then sanctified and dedicated the remaining faithful people back to the Lord.

This pattern of sanctification and dedication continued throughout Israel's history. The Temple in Jerusalem was built, sanctified, and dedicated to the Lord. After the exile, the Temple was rebuilt, re-sanctified, and once again rededicated. Each year, the people remembered and celebrated these moments, as we read in the Old Testament and in the Scriptures.

In the same way, we are called to see ourselves as the temple of God. Let us sanctify and dedicate our lives wholly to the Lord.

"Do you not know that you are God's temple and that God's Spirit dwells in you? If anyone destroys God's temple, God will destroy that person. For God's temple is holy, and you are that temple." 1 Cor 3:16-17

Hence, let us dedicate our bodies, the holy temples of God, wholly to the Lord's will and surrender, so that we may receive the fullness of His blessing.

This day's Gospel reading is from St. John 10:22-42. At the Feast of the Dedication in Jerusalem during winter, Jesus was walking in the temple area, in Solomon's portico. The Jews gathered around Him and said: "How long will you keep us in suspense? If you are the Christ, tell us plainly."

Jesus answered them: "I have told you, and yet you do not believe. The

works that I do in My Father's name bear witness to Me. But you do not believe, because you do not belong to My sheep. My sheep hear My voice, and I know them, and they follow Me. I give them eternal life, and they will never perish; no one will snatch them out of My hand. My Father, who has given them to Me, is greater than all, and no one can snatch them out of the Father's hand. The Father and I are one." This can be understood only by the true flock who live and prosper under the shade of the good shepherd. So, was the relationship between a believer and God; rightly compared to that of a Sheep and the Shepheard.

Like the Psalmist says: "The Lord is my Shepherd, I shall not want" (Psalm 23:1). Hence, this passage reveals the unique relationship of faith, trust, and divine belonging between the Shepherd and His sheep.

Those who dwell in the protection of Jesus Christ, the Shepherd.

Just as Jesus Christ said, "I and the Father are one," so too are the faithful called to dwell under the shadow of Jesus Christ, the Good Shepherd (John 10:27). When we remain under the protection of Christ, we will not falter in any circumstance of life. This is the sacred relationship between the Shepherd and His flock, a relationship that was united in Christ through our baptism and is continually strengthened through our participation in the other sacraments. Whenever this bond is weakened or broken, we are invited to restore it through the sacrament of confession, returning to be His good and faithful flock. Thus, Hudos Eetho reminds and inspires us to abide in the presence and protection of Christ Jesus, the Good Shepherd.

The Flock Listens to the Voice of the Shepherd

The sheep who dwell in the presence of the Shepherd must listen to His voice. As Jesus said, "I know them, and they follow Me." To follow Christ is to listen, obey, and walk in His footsteps. He also reminds us, "Whoever wishes to follow Me must deny himself, take up his cross, and follow Me." This is the essence of being the faithful flock, to follow the Shepherd with trust and surrender.

In a world filled with countless voices and endless noise, it becomes a challenge to recognize the voice of the Good Shepherd. Yet, only in the stillness of our hearts can we truly hear Him. Silence is not the absence of sound, but the presence of God. In our modern, hyperconnected world, finding such silence is increasingly difficult. But when we choose to enter that sacred silence, we begin to see ourselves more clearly.

Sadly, instead of reflecting on our own hearts, people today often turn their gaze toward the faults and weaknesses of others, even going so far as to celebrate them through the media. The call of the Good Shepherd, however, is different. He invites us to return to ourselves, to examine our lives, to repent and be renewed.

Let us, therefore, dwell in silence with the Good Shepherd. Let us look honestly into our hearts, correct our misdeeds, and turn away from the chaos of the world and its fleeting celebrations. In that sacred stillness, may we learn once more to listen, truly listen, to the voice of our Good Shepherd.

Practice to Earn Eternal Life

Those who dwell in the shelter of the Good Shepherd and listen to His voice are destined to receive eternal life. The life we live in this world is temporary; it is a time of preparation for the eternal life to come. We must always remember this truth. Though our earthly time is fleeting, it should be spent fruitfully, for the good of others and the glory of God.

Above all, we must remain devoted to the Good Shepherd, Jesus Christ, for we live under His care and protection. His faithful ones receive the gift of eternal life.

In the Gospels, except that of John, and in the letters of Paul, eternal life is often understood as belonging to the future. However, the Gospel of John presents a deeper truth: eternal life is not only a future promise but a present reality. The one who believes in Christ already possesses eternal life here and now. As Jesus says, "Whoever hears my word and believes Him who sent me has eternal life. He does not come into judgment but has passed from death to life" (John 5:24). The Word of God, His Incarnation, Death, Resurrection, and Ascension, has one ultimate purpose: to grant eternal life to humanity.

Therefore, as we enter a new liturgical year, every believer must recognize that we are part of the Holy Church, the living Body of Christ, in whom Christ Himself dwells. As we listen to the voice of the Good Shepherd, let us strive to purify our hearts, renew our faith, and dedicate our lives to the life-giving Shepherd who leads us to eternal life. ❑



പത്തനംതിട്ട മാക്കാംകുന്നിൽ നടന്ന കൊച്ചിട്ടി ഗീവർഗീസ് കോറെപ്പിസ്കോപ്പ അനുസ്മരണ സമ്മേളനത്തിൽ വെച്ച് തെങ്ങുംതറയിൽ കൊച്ചിട്ടി ഗീവർഗീസ് കോറെപ്പിസ്കോപ്പാ പ്രഥമ അവാർഡ് ജോയ്സ് തോട്ടയ്ക്കാടിന് കുര്യാക്കോസ് മാർ ക്ലിമ്മീസ് വലിയ മെത്രാപ്പൊലീത്താ സമ്മാനിക്കുന്നു.

ജോയ്സ് തോട്ടയ്ക്കാടിന് തെങ്ങുംതറയിൽ കൊച്ചിട്ടി ഗീവർഗീസ് കോറെപ്പിസ്കോപ്പാ പ്രഥമ അവാർഡ്

പത്തനംതിട്ട: പ്രശസ്ത മാധ്യമ പ്രവർത്തകനും ചരിത്രഗവേഷകനുമായ ജോയ്സ് തോട്ടയ്ക്കാടിന് തെങ്ങുംതറയിൽ കൊച്ചിട്ടി ഗീവർഗീസ് കോറെപ്പിസ്കോപ്പാ പ്രഥമ അവാർഡ് ലഭിച്ചു.

പത്തനംതിട്ട മാക്കാംകുന്നിൽ നടന്ന കൊച്ചിട്ടി ഗീവർഗീസ് കോറെപ്പിസ്കോപ്പ അനുസ്മരണ സമ്മേളനത്തിൽ വെച്ച് കുര്യാക്കോസ് മാർ ക്ലിമ്മീസ് വലിയ മെത്രാപ്പൊലീത്താ അവാർഡ് നൽകി. സഭാചരിത്ര ഗവേഷണ രംഗത്ത് നൽകിയ സംഭാവനകൾ പരിഗണിച്ചാണ് അവാർഡ്.

മലങ്കരസഭാ ഭരണഘടന, മലങ്കര അസോസിയേഷൻ, മലങ്കരസഭാ തർക്കം എന്നിവയുടെ ചരിത്രവും രേഖകളും സമാഹരിച്ച് പ്രസിദ്ധീകരിച്ചത് ജോയ്സ് തോട്ടയ്ക്കാടാണ്. മലങ്കരസഭാ ചരിത്രരേഖകൾ, പരുമല തിരുമേനിയുടെയും വട്ടശ്ശേരിൽ തിരുമേനിയുടെയും കല്പനബുക്കുകൾ, ഡോ. പൗലോസ് മാർ ഗ്രീഗോറിയോസിന്റെ രചനകൾ എന്നിവയും കണ്ടെത്തി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ രചനകളും പഠനങ്ങളും സമാഹരിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും ജോയ്സ് തോട്ടയ്ക്കാട് നടത്തിയ സമഗ്ര സംഭാവന അടിസ്ഥാനമാക്കി മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് ചെയർ പതിനായിരം രൂപയുടെ അവാർഡ് സമ്മാനിച്ച് ആദരിച്ചിട്ടുണ്ട്.

മാധ്യമ പ്രവർത്തകൻ, എഴുത്തുകാരൻ, പ്രസാധകൻ, ഗവേഷകൻ എന്നീ നിലകളിൽ അറിയപ്പെടുന്ന 55-കാരനായ ജോയ്സ് തോട്ടയ്ക്കാട് പത്തിലധികം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. 100-ൽപരം ഗ്രന്ഥങ്ങളുടെ പ്രസാധകനാണ്.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

മറുപുറം


ചിറകുള്ള ജീവിതം

ഫാ. അജീഷ് ബാബു

ചിറകുകൾകൊണ്ട് മാത്രം ഒരു പക്ഷിയും പറക്കുന്നില്ല.

മേലെ ആകാശവും ഉള്ളിൽ സ്വാതന്ത്ര്യമോഹവുമുള്ളതുകൊണ്ടാണ് പക്ഷികൾ ഉയരത്തിലേക്കു പോകുന്നത്.

ആകാശത്തേക്കു നോക്കാതെ ഭൂമി മണത്തുനടക്കുന്ന കോഴികൾക്കും ചിറകുകളുണ്ട്. (കഥ, ചിറകുകൾ, പി. കെ. പാറക്കടവ്).



ചിറക് ധരിച്ച ചില മനുഷ്യർ വേദത്തിൽ ഒളിച്ചിരിക്കുന്നതായി തോന്നും. ജീവിതംകൊണ്ട് അവർ തങ്ങളുടെ ചിറകിന്റെ ചലനം അതിവേഗത്തിൽ ചലിപ്പിക്കുന്നു. ഒരുപക്ഷേ അവർ ഏറെ വാചാലമാകുന്നില്ല നിശബ്ദതയും, സഹനവും, ഒറ്റപ്പെടലും എല്ലാം അവർക്ക് നിരന്തരം കൂട്ടാണ്. ഭൂമിയുടെ ഉപരിതലത്തിലൂടെ ആ മനുഷ്യരുടെ സഞ്ചാരം ചിറക് ധരിച്ചാണ്. രൂത്തിന്റെ പുസ്തകം തൊട്ടാൽ പൊള്ളുന്ന ജീവിതാനുഭവമാണ്. ഒരു മനുഷ്യന്റെ സഹനങ്ങൾക്ക് ഇത്രമാത്രം ആഴമുണ്ടെന്ന് അതിന്റെ ഓരോ അക്ഷരവായനയിലും പൊരുൾ തിരിഞ്ഞു വരും. പക്ഷേ സഹനങ്ങളുടെ ചൂടു വല്ലാതെ കത്തിനിൽക്കുമ്പോഴും ചിറകു ധരിച്ച ഒരു കൂട്ടം മനുഷ്യരാണ് അതിന്റെ സൗന്ദര്യം. പൊതുവായി നോക്കിയാൽ ആന്തരിക താളബദ്ധമായ ഒരു ഗദ്യചെറുകഥയാണ് രൂത്ത്. ജീവിത സാഹചര്യം (Situation in life) രൂത്തിനെ സംബന്ധിച്ചിടത്തോളം ആരാധനാപരം (liturgical) ആണ് പെന്തക്കോസ്ത് പെരുന്നാൾ. പെന്തക്കോസ്ത് പെരുന്നാളിന്റെ പശ്ചാത്തലത്തെ ആവിഷ്കരിക്കുകയും അതിൽ നിന്ന് സന്ദേശം നല്കുകയും ചെയ്യുന്ന വേദവായന എന്ന നിലയിലാണ് രൂത്ത് പിൽക്കാലത്ത് തലമുറകളുടെ കരങ്ങൾ മാറി സംരക്ഷിക്കപ്പെട്ടത്. നിലത്തു വീണു ചാകുന്ന വിത്താണ് പിന്നീട് ഫലം കായ്ക്കുന്നത്. മരണത്തോടുള്ള പോരാട്ടത്തിൽ വിജയം വരിക്കുന്ന ജീവന്റെ വിജയഭേരിയാണ് കൊയ്ത്ത്. രൂത്തിന്റെ പൊതുഘടന ഗദ്യമാണെങ്കിലും അതിന് ഒരു ആന്തരികതാളമുണ്ട് ആ താളമാകട്ടെ, ഭാവപരവും രൂപപരവും ആണ്. ഭാവതാളം, കഥാപാത്രങ്ങൾ കടന്നുപോകുന്ന മാനസികാവസ്ഥകളിൽ അധിഷ്ഠിതമാണ്. ക്ഷാമത്തിന്റെയും മരണത്തിന്റെയും മാത്രമല്ല, സമൃദ്ധിയുടെയും ജീവന്റെയും അനുഭവങ്ങളും രൂത്തിനും നവൊമിക്കും ഉണ്ടാകുന്നു. മനുഷ്യാവസ്ഥ എല്ലാക്കാലത്തും കടന്നുപോകുന്ന നവോമിയുടെ പരിണാമങ്ങൾ, നിലപാടുകൾ, വൈകാരിക ചലനങ്ങൾ ജൂത ലോകത്ത് വായനക്കാരെ പുതിയ ലോകക്രമത്തിലേക്കാണ് നയിക്കുന്നത്. രൂപത്തിലും ഭാവത്തിലും ആന്തരികതാളം വച്ചു പുലർത്തുന്ന ഗദ്യചെറുകഥ എന്ന നിലയിലാണ് രൂത്തിലെ വികാരം.

രൂത്തിന്റെ എഴുത്തുകാലം അതിന്റെ ഭാഷ സംബന്ധിയായി ബന്ധപ്പെട്ടാണ്. പ്രവാസപൂർവ എബ്രായഭാഷ (Standard Biblical Hebrew), പ്രവാസാനന്തര എബ്രായ ഭാഷ (Late Biblical Hebrew) എന്നിവയ്ക്കു മദ്ധ്യത്തിലുള്ള കാലമാണ് രൂത്തിന്റെ സ്ഥാനം, രൂത്തിന്റെ കാലം പ്രവാസപൂർവകാലത്തിന്റെ അവസാന ദശയ്ക്കും പ്രവാസാനന്തരകാലത്തിന്റെ കാലത്തിലാവാം അതിൽത്തന്നെ, പ്രവാസാനന്തരകാലത്തിന്റെ പ്രാരംഭത്തിലാകാനാണ് കൂടുതൽ സാധ്യത.

അതിജീവന ചിറക് ധരിച്ചവർ:

പ്രവാസകാലത്തെ മനുഷ്യരുടെ സഹനം ദൈവജനത്തിന് ഒരു അതിജീവനത്തിന്റെ മാർഗ്ഗമാണ്. ബാബേൽ പ്രവാസകാലം ഇസ്രായേൽ മക്കളെ സംബന്ധിച്ചിടത്തോളം സങ്കടങ്ങളുടെ പെരുമഴക്കാലമാണ്. ആ പെരുമഴക്കാലത്ത് അതിജീവനത്തിന്റെ അനുഭവങ്ങളെ കൂരിരുട്ടിലെ മിന്നാമിന്നി വെളിച്ചം പോലെ അവർ ധ്യാനിച്ചിരുന്നു. രൂത്തിന്റെ അതിജീവന പ്രമേയം ഇവിടെയാണ് അധികം ചർച്ച ചെയ്യപ്പെടുന്നത്. ഒരു ജൂത സ്ത്രീ എന്ന നിലയിൽ ഒരുപക്ഷേ പുസ്തകത്തിന്റെ തലക്കെട്ട് നവോമിയുടെ പുസ്തകം എന്ന് എന്തുകൊണ്ട് എഴുതിയില്ല?. നവോമിയുടെ നിലപാടുകൾ ഈ വീണ്ടെടുപ്പിന്റെ ചരിത്രത്തിൽ പ്രധാനപ്പെട്ടതല്ലേ? ഇങ്ങനെ വിവിധ ചോദ്യങ്ങൾ പുസ്തകത്തിന്റെ തലക്കെട്ടുമായി ബന്ധപ്പെട്ട് നമുക്ക് ചോദിക്കാവുന്നതേയുള്ളൂ. എന്നാൽ പ്രവാസകാലജനതയ്ക്ക് കൂടുതൽ പൊരുത്തപ്പെടുവാൻ രൂത്തിന്റെ ജീവിതമാണ് പ്രചോദനാത്മകമാകുന്നത്. ഒരു വിജാതീയ സ്ത്രീയായ രൂത്ത് തന്റെ വംശീയമായ അതിരുകളെ ഇല്ലാതെയാക്കി പ്രവാസ സമാനമായ ജീവിതത്തിൽ കഴിഞ്ഞു കൂടുന്ന ജൂത സ്ത്രീയായ നവോമിക്ക് രക്ഷയുടെ മാർഗമായി തീർന്നു. ജൂത വംശീയതയ്ക്ക് പുറത്തുള്ള രക്ഷയാണ് അതുവഴി പ്രവാസകാലത്ത് ദൈവജനം കണ്ടുമുട്ടുന്നത്. ഒരുകാലത്തും തങ്ങളുടെ പുറത്തുള്ള മനുഷ്യർ തങ്ങളെ അംഗീകരിക്കാത്ത അംഗീകരിച്ചിട്ടില്ലാത്ത രീതിയിൽ അവൾ, രൂത്ത് അംഗീകരിക്കുന്ന ശബ്ദം, ബാല്യം മുതൽ കേട്ടുവന്ന ഒരു സ്ത്രീയെന്ന നിലയിൽ സഹനങ്ങളെ മുഴുവൻ ഒറ്റക്കെട്ട് എടുത്ത് സാമൂഹ്യമായി തിരസ്കരിക്കപ്പെട്ടവളായി ഒറ്റയ്ക്ക് ജീവിക്കേണ്ടിവരുന്ന തിരസ്കരണത്തിന്റെ ശബ്ദമല്ല മറിച്ച് സാമൂഹ്യമായി അനുഭവിക്കപ്പെടേണ്ടിവരുന്ന എല്ലാ സഹനങ്ങളിലും അതിജീവനത്തിന്റെ ചിറക്ധരിച്ച് ജീവിക്കുന്ന തന്റെ അമ്മായിയമ്മയുടെ ശബ്ദത്തെയാണ്.

നവോമിയോട് അവൾ പറയുന്നത്:

‘നിന്റെ ജനമാണ് എന്റെ ജനം, നിന്റെ ദൈവമാണ് എന്റെ ദൈവം.’

പുസ്തകം രൂത്തിന്റെ പേരിലാണ്. അവൾ തന്റെ അമ്മായിയമ്മ നവോമിക്ക് ഒപ്പം ദൈവത്തോട് പ്രാർത്ഥന ചൊല്ലി തുടങ്ങിയിരിക്കുന്നു. ആ പ്രാർത്ഥനയിൽ നിന്നാണ് ആ വയലിലേക്കുള്ള വഴി അവൾ പരിചയപ്പെടുന്നത്.

ജീവന്റെ മുളപൊട്ടുന്ന വയലുകൾ. അങ്ങനെ

പ്രവാസകാലത്ത് ദൈവജനവും പറഞ്ഞു അത് നവോമിയുടെ പുസ്തകം അല്ല രൂത്തിന്റെ പുസ്തകമാണ്.

ജീവന്റെ മുളപൊട്ടുന്ന പുസ്തകം.

❑



പരുമല തിരുമേനി സാമൂഹിക സമത്വത്തിനുവേണ്ടി നിലകൊണ്ട വിശുദ്ധൻ: മേധാ പട്കർ

പരുമല: സാമൂഹിക സമത്വത്തിനും സമാധാനത്തിനും നീതിക്കും വേണ്ടി യത്നിച്ച വിശുദ്ധനായിരുന്നു പരിശുദ്ധ പരുമല തിരുമേനി എന്ന് പ്രശസ്ത പരിസ്ഥിതി സാമൂഹിക പ്രവർത്തക മേധാ പട്കർ പറഞ്ഞു. പരിശുദ്ധ പരുമല തിരുമേനിയുടെ 123-ാം ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ചുള്ള തീർത്ഥാടന വാരാഘോഷ സമാപന സമ്മേളനത്തിൽ മുഖ്യ സന്ദേശം നൽകുകയായിരുന്നു അവർ.

സുസ്ഥിര വികസനത്തിനും പരിസ്ഥിതി സംരക്ഷണത്തിനും ലഹരിമുക്ത സമൂഹത്തിനുമായി ഉണർന്നു പ്രവർത്തിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. ദീർഘവീക്ഷണമില്ലാത്ത നിർമ്മാണ പ്രവർത്തനങ്ങൾ വരും കാലഘട്ടത്തിൽ പരിസ്ഥിതി സന്തുലനാവസ്ഥയെ തകർക്കും. ഭൂമിയുടെയും സമൂഹത്തിന്റെയും നിലനില്പിനായി യുവാക്കളും സ്ത്രീകളും ശക്തമായി മുന്നിട്ടിറങ്ങണമെന്നും പരിശുദ്ധ പരുമല തിരുമേനിയുടെ സാമൂഹിക കാഴ്ചപ്പാടുകൾ മാതൃകയാക്കണമെന്നും മേധാ പട്കർ പറഞ്ഞു.

പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്തു. തീർത്ഥാടനത്തിന്റെ ശാന്തതീരം തന്റെ ജീവിതത്തിൽ കണ്ടെത്തുന്നതിനു വേണ്ടി പ്രവർത്തിച്ച പിതാവായിരുന്നു പരിശുദ്ധ പരുമല തിരുമേനി ബാവാ പറഞ്ഞു.

നിരണം ഭദ്രാസനാധിപൻ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്ത അധ്യക്ഷത വഹിച്ചു. എത്യോപ്യൻ ഓർത്തഡോക്സ് സഭയുടെ ഗുറെജ് ആർച്ച് ബിഷപ് ആബൂനെ മൽക്കിസദേക്ക് മുഖ്യാതിഥിയായിരുന്നു.

വൈദിക ട്രസ്റ്റി ഫാ. ഡോ. തോമസ് വർഗീസ് അമയിൽ, അത്മായ ട്രസ്റ്റി റോണി വർഗീസ് ഏബ്രഹാം, മലങ്കര അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, പരുമല സെമിനാരി മാനേജർ ഫാ.എൽദോസ് ഏലിയാസ്, സഭാ മാനേജിംഗ് കമ്മറ്റിയംഗം മത്തായി ടി. വർഗീസ്, പരുമല സെമിനാരി കൗൺസിൽ അംഗങ്ങളായ മാത്യു ഉമ്മൻ അരികുപുറം, പി.എ. ജോസ് പുത്തൻപുരയിൽ എന്നിവർ പ്രസംഗിച്ചു.



പരുമല പെരുന്നാളിനോട് അനുബന്ധിച്ച് ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം നടത്തിയ 168 മണിക്കൂർ അഖണ്ഡ പ്രാർത്ഥനയുടെ സമാപനം ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ് മെത്രാപോലീത്ത നിർവഹിച്ചു. കേന്ദ്ര വൈസ് പ്രസിഡന്റ് ഫാ. ജയിൻ സി മാത്യു അധ്യക്ഷത വഹിച്ചു. അഖണ്ഡ പ്രാർത്ഥനയുടെ കൺവീനർ രോഹിത് കൊച്ചുതെക്കേതിൽ, ജോയിന്റ് കൺവീനർ ജോജി പരുമല, റീജിയണൽ സെക്രട്ടറിമാരായ ഡാനി രാജു, നിതിൻ കുര്യാക്കോസ്, അബു അബ്രഹാം വീരപ്പള്ളിൽ, കേന്ദ്ര എക്സിക്യൂട്ടീവ് അംഗം അജു ജേക്കബ്, കേന്ദ്ര കമ്മിറ്റി അംഗം അശ്വിൻ വി റെജി, അസംബ്ലി അംഗങ്ങൾ ആയ തോമസ് ഫിലിപ്പ്, ജെൻസൺ, ജോജോ, ജോഹാൻ, അമൽ എന്നിവർ പ്രസംഗിച്ചു.



വടക്കൻ മേഖലാ പരുമല തീർഥയാത്ര പരുമല കബറിങ്കൽ എത്തിച്ചേർന്നപ്പോൾ.



ദേവനന്ദയെ അനുമോദിച്ചു

പരുമല: സംസ്ഥാന സ്കൂൾ കായികമേളയിൽ 100 മീറ്ററിലും 200 മീറ്ററിലും റെക്കോഡോട് കൂടി സ്വർണ്ണ മെഡലുകൾ നേടി രാജ്യത്തിന്റെ ശ്രദ്ധ പിടിച്ചുപറ്റിയ കോഴിക്കോട് സ്വദേശിനിയായ കായികതാരം ദേവനന്ദ, പരുമല ആശുപത്രിയിൽ നടത്തിയ അടിയന്തര അപ്പെൻഡിക്സ് ശസ്ത്രക്രിയയ്ക്ക് ശേഷം മടങ്ങി.

മീറ്റിനിടെ കഠിനമായ വയറുവേദന അനുഭവപ്പെട്ടിട്ടും, വേദനസംഹാരികളുടെ സഹായത്തോടെയാണ് ദേവനന്ദ മത്സരത്തിൽ പങ്കെടുക്കുകയും ഇരട്ട സ്വർണ്ണം സ്വന്തമാക്കുകയും ചെയ്തത്. തുടർന്നുള്ള പരിശോധനയിലാണ് അപ്പെൻഡിക്സ് രോഗം സ്ഥിരീകരിച്ചത്.

പരുമല ആശുപത്രിയിൽ പ്രവേശിപ്പിച്ച നവംബർ 1 ശനിയാഴ്ച വൈകുന്നേരം തന്നെ, പരുമല ജനറൽ ലാപ്രോസ്കോപ്പിക് സർജറി വിഭാഗം മേധാവി ഡോ. അൻസാറിന്റെ നേതൃത്വത്തിൽ ദേവനന്ദയെ ശസ്ത്രക്രിയയ്ക്ക് വിധേയയാക്കി. പൂർണ്ണ ആരോഗ്യവതിയായ ദേവനന്ദയെ ഡിസ്ചാർജ് ചെയ്തു.

കഠിനമായ വേദനയെ അവഗണിച്ച് ചരിത്രവിജയം നേടിയ ദേവനന്ദയെ, മലങ്കര ഓർത്തഡോക്സ് സഭ നിരണം ഭദ്രാസനാധിപൻ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, ആശുപത്രി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഫാ. എം. സി. പൗലോസ് എന്നിവർ ചേർന്ന് അനുമോദിക്കുകയും അഭിനന്ദനങ്ങൾ അറിയിക്കുകയും ചെയ്തു.



തിരുവിതാംകോട് അരപ്പള്ളി (സെന്റ് മേരീസ് ഓർത്തഡോക്സ് തീർത്ഥാടനപള്ളി) ഇടവകാംഗമായ കുഞ്ഞൂഞ്ഞമ്മ മോഹൻ രചിച്ച് ജോസ് പി. റ്റി. നല്ലില എഡിറ്റ് ചെയ്ത് ട്രിനിറ്റി ബ്ലെസ് പബ്ലിക്കേഷൻ പ്രസിദ്ധീകരിച്ച ആത്മീയ ചിന്തകളുടെ സമാഹരമായ 'സുഗന്ധധൂപം' എന്ന പുസ്തകത്തിന്റെ പ്രകാശന കർമ്മം പരുമല പെരുന്നാളിനോടനുബന്ധിച്ച് പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്ക ബാവ, ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പൊലീത്തായ്ക്കും, ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പൊലീത്തായ്ക്കും നൽകി നിർവഹിച്ചു. പുസ്തക അവതരണം ഫാ. ഡോ. അനു കെ. എൽ. ആറ്റുവാരത്ത് നിർവഹിച്ചു.



പരുമല പെരുന്നാളിനോടനുബന്ധിച്ച് പരുമലയിൽ അഖില മലങ്കര പ്രാർത്ഥനാ യോഗത്തിന്റെ നേതൃത്വത്തിൽ നടന്ന ധ്യാനയോഗം അലക്സിയോസ് മാർ യൗസേബിയോസ് ഉത്ഘാടനം ചെയ്തു. പ്രാർത്ഥനായോഗം പ്രസിഡൻറ് മാത്യൂസ് മാർ തേവോദോസിയോസ് അദ്ധ്യക്ഷത വഹിച്ചു.




മലങ്കര ഓർത്തഡോക്സ് സഭയുടെ ഔദ്യോഗിക സേവന വിഭാഗമായ ആർദ്ര ചാരിറ്റബിൾ സൊസൈറ്റിയുടെ പരുമല പെരുനാളിനോടനുബന്ധിച്ചുള്ള കൗണ്ടറിന്റെ ഉദ്ഘാടനം മദ്രാസ് ഭദ്രാസന മെത്രാപ്പോലീത്താ ഗീവർഗീസ് മാർ പീലക്സീനോസ് ഉദ്ഘാടനം നിർവഹിച്ചു. ആദ്യ സംഭാവനയുടെ ചെക്ക് ശാലിനി മർക്കോസ് മേക്കാട് മെത്രാപ്പോലീത്തായെ ഏൽപ്പിച്ചു. ആർദ്ര സെക്രട്ടറി ജോസഫ് അലക്സാണ്ടർ, എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായ മോനി കല്ലംപറമ്പിൽ, ഷാജി വർഗീസ് എന്നിവർ സമീപം.



ബ്രഹ്മവാർ ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന പരുമല പദയാത്ര.

അഖില മലങ്കര പ്രസംഗ മത്സരം



പ. ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ (കുറിച്ചി ബാവാ)യുടെ 62-ാം ഓർമ്മപെരുനാളിനോടനുബന്ധിച്ച് പ. പിതാവിന്റെ അനുസ്മരണാർത്ഥം നടത്തപ്പെടുന്ന അഖില മലങ്കര സൺഡേസ്ക്കൂൾ പ്രസംഗ മത്സരം 2025 ഡിസംബർ 21-ാം തീയതി ഞായറാഴ്ച (21-12-2025) 11.30 a.m.-ന് കുറിച്ചി വലിയ പള്ളിയിൽ വച്ച് നടത്തപ്പെടുന്നു..

വിഷയം: കാതോലിക്കേറ്റ് സിംഹാസനത്തിന്റെ വളർച്ചയും പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ ബാവായും

നിബന്ധനകൾ: 1) സൺഡേസ്ക്കൂളിൽ 12-ാം ക്ലാസ്സ് വരെ പഠിക്കുന്ന വിദ്യാർത്ഥികൾ (VII-XII) 2) 20-12-2025-ന് മുൻപായി പേര് രജിസ്റ്റർ ചെയ്യണം; 3) പ്രസംഗ സമയം 5 മിനിറ്റ് 4) ഒന്നും രണ്ടും മൂന്നും നാലും അഞ്ചും സ്ഥാനങ്ങൾ നേടുന്ന വിദ്യാർത്ഥികൾക്ക് 5000, 3000, 2000, 1000, 500 രൂപാ വീതം സമ്മാനം നൽകും. 5. സമ്മാനങ്ങൾ 2026 ജനുവരി 2-ന് കുറിച്ചി വലിയ പള്ളിയിൽ പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ ഓർമ്മപ്പെരുന്നാളിനു നൽകും.

For Registration-
Fr. Philipos Philipos, St. Peters & St. Paul's
Orthodox Church, Neelamperoor P.O., Kurichy-686534
Ph: 9497888047 (Vicar)
9947124980, 97448 37674, 9539531665



ജീവിതം കൊണ്ട് ലോകത്തോട് സാക്ഷ്യം പറയേണ്ട ഉത്തരവാദിത്വം നമുക്ക് ഉണ്ട്: വീണ ജോർജ്


ജീവിതം കൊണ്ട് ലോകത്തോട് സാക്ഷ്യം പറയേണ്ട ഉത്തരവാദിത്വം നമുക്ക് ഉണ്ട് എന്ന് ആരോഗ്യ മന്ത്രി ശ്രീമതി വീണ ജോർജ്. പരുമല പെരുന്നാളിനോട് അനുബന്ധിച്ചുള്ള സെന്റ് ഡയനീഷ്യസ് ഓർത്തഡോക്ൾസ് ഫെലോഷിപ് 'ഗുരുസ്മൃതി' ഉദ്ഘാടനം ചെയ്യുകയായിരുന്നു. വിവേകത്തോടെ മനസ്സുകളെ ചേർത്ത പിടിക്കുവാനും മനസിലാക്കുവാനും എസ്. ഡി. ഒ. എഫ് പ്രവർത്തകരിലൂടെ സമൂഹത്തിനു സാധ്യമാകട്ടെ എന്നും അഭിപ്രായപ്പെട്ടു. അഭിവന്ദ്യ ഗീവർഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്ത അധ്യക്ഷത വഹിച്ചു.

പരുമലയെ വ്യത്യസ്തമാക്കുന്നത് സർവ്വർക്കും സമാരാധ്യനായ ഗുരുവിന്റെ ജീവിതം മൂലമാണ് എന്ന് മുഖ്യ സന്ദേശം നൽകിയ എം. ജി. യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസിലർ ഡോ. സിറിയക് തോമസ്. ദൈവത്തോടും സഭയോടും സമൂഹത്തോടും ഉള്ള ഉത്തരവാദിത്വങ്ങൾ ദൈവത്തിനും മനുഷ്യർക്കും മുമ്പിൽ നീതീകരിക്കപ്പെട്ട് നിർവഹിക്കുവാൻ കഴിയട്ടെ എന്നും അദ്ദേഹം പറഞ്ഞു. വൈദിക ട്രെസ്റ്റി ഫാ. ഡോ. തോമസ് വർഗീസ് അമയിൽ , അൽമായ ട്രസ്റ്റി റോണി വർഗീസ് ഏബ്രഹാം, കേന്ദ്ര വൈസ് പ്രസിഡന്റ് ഫാ. ബിജു ടി. മാത്യു പുത്തൻകാവ് , ഫാ. ജെ. മാത്യുകുട്ടി, കേന്ദ്ര ജനറൽ സെക്രട്ടറി ഷിബു കെ. എബ്രഹാം കേന്ദ്ര ട്രഷറാർ ഉമ്മൻ ജോൺ എന്നിവർ പ്രസംഗിച്ചു.



പരിസ്ഥിതി കമ്മീഷന്റെ ആഭിമുഖ്യത്തിൽ പരുമലയിൽ നടന്ന സെമിനാർ ഡോ ജോസഫ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു. ഫാ. ഡോ. കുര്യൻ ഡാനിയേൽ അധ്യക്ഷത വഹിച്ചു.





ഷാർജ സെന്റ് ഗ്രീഗോറിയോസ് പള്ളിയിൽ നിന്നുള്ള പരുമല പദയാത്രികർക്ക് കുറവിലങ്ങാട് പള്ളിയിൽ നൽകിയ സ്വീകരണം.

സാമൂഹ്യ നവോത്ഥാന ചരിത്രത്തിൽ പരുമല തിരുമേനിയെയും ഉൾപ്പെടുത്തണം: സ്വാമി ഗുരുരത്നം ജ്ഞാന തപസ്വി

പരുമല: കേരളത്തിലെ സാമൂഹ്യ നവോത്ഥാന നായകരുടെ ചരിത്രത്തിൽ പരുമല തിരുമേനിയെയും ഉൾപ്പെടുത്തണമെന്ന് ശാന്തിഗിരി ആശ്രമ ജനറൽ സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാന തപസ്വി പറഞ്ഞു. പരുമലയിൽ നടന്ന ഗീഗോറിയൻ പ്രഭാഷണത്തിൽ സമാപന സന്ദേശം നൽകുകയായിരുന്നു അദ്ദേഹം.

ഭാരതീയ സംസ്കാരം വിവിധ മതങ്ങളുടെ സമന്വയമാണ്. ആത്മീയ ജീവിതം നയിച്ച വിവിധ മതസ്ഥരായ പുണ്യാത്മാക്കൾ സനാതന ധർമ്മങ്ങൾ പരിപോഷിപ്പിച്ചിട്ടുണ്ട്. ആത്മീയ മൂല്യങ്ങളുടെ പുണ്യ സൗരഭ്യം പരത്തിയ പരുമല തിരുമേനി സാമൂഹ്യ നവോത്ഥാന ദർശനങ്ങൾ സ്വജീവിതത്തിലൂടെ പഠിപ്പിച്ചു.

കൊല്ലം ഭദ്രാസന മെത്രാപ്പോലീത്താ ഡോ. ജോസഫ് മാർ ദിവന്നാസ്യോസ് അദ്ധ്യക്ഷത വഹിച്ചു. ബഹുമുഖ പ്രതിഭയുള്ള ത്യാഗിയായ സന്യാസിവര്യനായിരുന്നു പരുമല തിരുമേനി എന്ന് അദ്ദേഹം പറഞ്ഞു. മലങ്കര അസോസിയേഷൻ സെക്രട്ടറി അഡ്വ ബിജു ഉമ്മൻ, പരുമല സെമിനാരി മാനേജർ ഫാ. എൽദോസ് ഏലിയാസ്, ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ, മത്തായി ടി. വർഗീസ് എന്നിവർ പ്രസംഗിച്ചു.





മുഖ്യമന്ത്രിയുടെ പോലീസ് അവാർഡ് ക്രൈംബ്രാഞ്ച് സി.ഐ. പ്രസാദ് ഏബ്രഹാം വർഗീസ് നവംബർ ഒന്ന് കേരളപ്പിറവി ദിനത്തിൽ മുഖ്യമന്ത്രി പിണറായി വിജയനിൽ നിന്ന് സ്വീകരിക്കുന്നു. കോട്ടയം ചെറിയപള്ളി ഇടവകാംഗം ആണ്.



കേരള യൂണിവേഴ്സിറ്റിയുടെ എം.എ. മ്യൂസിക് പരീക്ഷയിൽ (തിരുവനന്തപുരം ഗവൺമെൻറ് വിമൻസ് കോളജ്), അടൂർ, പറക്കോട് മണ്ണുവിളയിൽ റോയി പുന്നന്റെയും ബ്ലെസ്സിയുടെയും മകൾ റിയ അന്ന റോയ് ഒന്നാം റാങ്ക് കരസ്ഥമാക്കി. പറക്കോട് സെന്റ് പീറ്റേഴ്സ് ആൻഡ് സെന്റ് പോൾസ് ഓർത്തഡോക്സ് വലിയപള്ളി ഇടവകാംഗമാണ്.